*Uncorrected/Not for publication*

*01-07-2026*
*Submission*

**സബ്മിഷൻ**

വിഴിഞ്ഞം തുറമുഖത്തിൽ എം.എസ്.സി.-യുടെ നിക്ഷേപം

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പത്രവാർത്ത സൂചിപ്പിക്കുന്ന ചില ആശങ്കകളുണ്ടായിരുന്നു. ആ വാർത്തകളെല്ലാം കണ്ടപ്പോഴുണ്ടായിരുന്ന സംശയം, സംസ്ഥാന സർക്കാർകൂടി അറിഞ്ഞോ; സംസ്ഥാന സർക്കാർ അംഗീകാരം നൽകിയോ; അല്ലെങ്കിൽ അംഗീകാരം നൽകാമെന്ന് പറഞ്ഞോ എന്നത് സംബന്ധിച്ചുള്ളതായിരുന്നു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തത വരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ടത്, കൺസഷൻ എഗ്രിമെന്റ് (Concession Agreement) ക്ലോസ് 5.3 (Clause 5.3) പ്രകാരം അതോറിറ്റിയായ കേരള സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ഓഹരി വിൽക്കാനോ കരാർ വ്യവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതരത്തിൽ ഉടമസ്ഥതയിൽ വ്യതിയാനം സൃഷ്ടിക്കാനോ കഴിയുകയുള്ളൂ. 25 ശതമാനത്തിൽ കൂടുതൽ ഓഹരി വിൽക്കുന്നത് change in ownership ആയാണ് കണക്കാക്കപ്പെടുന്നത്. ഏകദേശം നടപ്പാക്കിയെന്ന രീതിയിലാണ് പത്രവാർത്ത വന്നിരിക്കുന്നത്. എങ്ങനെയാണ് അത്തരം പത്രവാർത്ത വരാനിടയായതെന്നുള്ളത് അങ്ങേയറ്റം ആശങ്കയുളവാക്കുന്ന ഒരു കാര്യമാണ്. ഇങ്ങനെ ചെയ്യുമ്പോൾ അത് ദേശീയ സുരക്ഷയുടെ താൽപര്യാർഥവും നാടിന്റെയും ജനങ്ങളുടെയും പൊതുതാൽപര്യാർഥവും പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നാഷണൽ സെക്യൂരിറ്റി പെർസ്പെക്ടീവ് ക്ലോസ് നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും ആരായാവുന്നതാണ്. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ നടന്ന സമയത്ത് highly critical infrastructure ആയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നത്. കേരളത്തിന്റെ പൊതുതാൽപര്യം പരിഗണിക്കുമ്പോൾ, എം.എസ്.സി. (Mediterranean Shipping Company-MSC) ഒരു കപ്പൽ കമ്പനിയാണല്ലോ. ആ കപ്പൽ കമ്പനിയുമായി പോർട്ട് ഓപ്പറേറ്റർ കൂടിയായ അദാനി ഗ്രൂപ്പ് കൂട്ടുടമസ്ഥതയിലാകുമ്പോൾ ഒരു കുത്തകാവകാശം (Monopoly)

*01-07-2026*
*Submission*

സ്ഥാപിതമാകുകയാണ്. ഇത് കേരളത്തിന്റെ വാണിജ്യ താൽപര്യങ്ങൾക്കും തുറമുഖത്തിന്റെ ഭാവി വികസനത്തിനും അപകടകരമായിരിക്കുമെന്നാണ് കാണുന്നത്. നിലവിൽ വിഴിഞ്ഞം തുറമുഖം ട്രാൻസ്ഷിപ്പ്മെന്റ് മാത്രമാണ് നടത്തുന്നത്. ഈ മാസത്തോടുകൂടി റോഡ് മാർഗേന ചരക്കുനീക്കം ആരംഭിക്കാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എക്സിം കാർഗോ EXIM (Export-Import Cargo), ഗേറ്റ് വെ കാർഗോ (Gateway cargo). നമ്മുടെ നാട്ടിൽ ഒരു എക്സ്പോർട്ടറിന് ഒരു നിശ്ചിത കമ്പനിയുടെ കണ്ടെയ്നറിലും കപ്പലിലും മാത്രമേ അവരുടെ ചരക്ക് ബുക്ക് ചെയ്യാൻ സാധിക്കുവെന്നതാണ് ഇതോടുകൂടി വരാൻ പോകുന്നത്. അതിന്റെ പാർശ്വഫലം ആ ഒറ്റയാൻ കമ്പനി നിശ്ചയിക്കുന്ന റേറ്റിൽ കാര്യങ്ങളൊക്കെ എല്ലാ വ്യവസായികളും അംഗീകരിക്കാൻ ബാധ്യസ്ഥരാകുന്നുവെന്നുള്ളതാണ്. അതിന്റെ പ്രത്യാഘാതങ്ങൾ കൃത്യമായി പരിശോധിക്കേണ്ടതുണ്ട്. കോൺകോർ, സി.ഡബ്ല്യു.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ഏകദേശം 5000 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ലോജിസ്റ്റിക്സ്, കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ (Container Freight Station), ഐ.സി.ഡി. അനുബന്ധ വികസന മേഖലയിലെ മറ്റു പ്രമുഖ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർക്കെല്ലാം കുത്തകാവകാശം വിഴിഞ്ഞത്ത് വരുന്നതോടുകൂടി നമ്മുടെ നാട്ടിൽ വളർച്ചയുള്ള സാഹചര്യം ഇല്ലാതാകുകയാണ്. മത്സരക്ഷമത ഏതൊരു വളരുന്ന വിപണിയുടെയും ആണിക്കല്ലാണ്. മാർക്കറ്റ് കോമ്പറ്റീവ്നെസ്സിനെ ഒറ്റയടിക്ക് തുടച്ചുനീക്കിക്കൊണ്ടുള്ള ഈ കുത്തകാവകാശം കേരളത്തിന്റെ തുറമുഖം കേന്ദ്രീകരിച്ചുള്ള വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കും. സർക്കാർ ഒപ്പുവച്ച സപ്ലിമെന്ററി കരാറുണ്ട്. അതുവഴി 17 വർഷങ്ങൾ മുന്നിലേക്കാക്കി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശേഷി വർധിപ്പിക്കൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയും. ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷി വലിയ തോതിൽ വർധിക്കും. അങ്ങനെ വരുമ്പോൾ വിവിധ കപ്പൽ കമ്പനികളുടെ കപ്പലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനും ചെറിയ തടസ്സം ഇത് ഉണ്ടാക്കുമോയെന്നാണ് നോക്കേണ്ടത്. അതിനായി ചർച്ചകളെല്ലാം നടത്തിയതാണ്. അതെല്ലാം ഒരൊറ്റ കമ്പനിയിലേക്ക് ചുരുങ്ങുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ മാറുന്നത്. കേന്ദ്രവുമായി നടത്തിയ ചർച്ചകളിൽ വലിയ തോതിലുള്ള എക്സ്പാൻഷൻ പദ്ധതികൾ

സർക്കാർ മുമ്പ് ചർച്ച ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ ഈ സർക്കാരിനും വേറെ തടസ്സമൊന്നും ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലോകോത്തര മാതൃകയിൽ മൾട്ടി ഓപ്പറേറ്റർ തുറമുഖമായി നാം വൻതോതിൽ വളരുമെന്നതാണ് ചർച്ചകളിൽ കണ്ടിരുന്നത്. പക്ഷേ, ഇതാണെങ്കിൽ എതിർദിശയിൽ പോകും. അത് മനസ്സിലാക്കി കൊള്ളുക. മൾട്ടി ഓപ്പറേറ്റർ പോയിട്ട് **മൾട്ടി....** പോലും ഇല്ലാതാവുമെന്നാണ് നാം കാണേണ്ടത്. വികസന സാധ്യതകൾ ചുരുങ്ങുകയാണ്. മത്സരക്ഷമത തകർക്കപ്പെടുകയാണ്. കുത്തകാവകാശം വല്ലാതെ വേരുപിടിപ്പിക്കുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. മറ്റ് സാമ്പത്തിക ക്രമക്കേടുകൾക്കും ഇത് വഴിവയ്ക്കുമെന്ന ഒരാശങ്ക ഞാൻ സൂചിപ്പിക്കുകയാണ്. കാരണം അദാനിയുടെ സ്റ്റേറ്റ് പാർട്ണർഷിപ്പുള്ള തുറമുഖം ഇതുമാത്രമാണ്. ബാക്കി അവരുടെ കൈയിലുള്ളതെല്ലാം സ്വന്തമാണ്. 2035- മുതലാണെങ്കിലും സർക്കാരിന് ലഭിക്കാനുള്ള വരുമാന വിഹിതം ലഭിക്കേണ്ടതുണ്ട്. ഇങ്ങനൊരു കമ്പനിയുമായിട്ടുള്ള മൊണോപോളി സാധ്യമാകുമ്പോൾ, അതിൽ കൃത്രിമമായി കുറവുവരുത്താനും ഇടയാകില്ലേയെന്നത് സംബന്ധിച്ച് നാം ശങ്കിക്കേണ്ടതായിട്ടുണ്ട്. അത്രയും കാര്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഇന്ന് രാവിലെ സൂചിപ്പിച്ചതുപോലെ ഈ വിഷയം പത്രവാർത്തയിലൂടെ മാത്രമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് അദാനി പോർട്ട് കത്തിടപാടോ ഇൻഫർമേഷനോ ഗവൺമെന്റിന് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ കൺസഷൻ എഗ്രിമെന്റിന്റെ ക്ലോസ് 5.3-ൽ ഇത് വളരെ വ്യക്തിമായി പറയുന്നുണ്ട്. അതായത് 'The Concessionaire shall not undertake or permit any Change in Ownership without the prior approval of the Authority'. Here, the authority is the Government of Kerala'. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അവർക്ക് ഇതിനകത്ത് ഒരുതരത്തിലും Change of ownership ചെയ്യാൻ പാടില്ല. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം കമ്പനി ആക്ട് അനുസരിച്ച് ഇരുപത്തിയഞ്ച് ശതമാനത്തിൽ കൂടുതൽ ഷെയർ കൊടുക്കുന്നത് Ownership change-ലേക്ക് നയിക്കുമെന്നാണ്. Acquisition of 25 % or more of the equity of the Concessionaire whether directly or indirectly constitute a Change of Ownership.

*01-07-2026*
*Submission*

ഇരുപത്തിയഞ്ച് ശതമാനത്തിലേറെ ഒരു ഷെയർ കൊടുത്താൽ Ownership change ആണ്. Ownership change കേരളാ ഗവൺമെന്റിന്റെ അനുമതിയില്ലാതെ അവർക്ക് നടപ്പിലാക്കാൻ സാധിക്കില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതായിരിക്കും. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ചില ഉത്കണ്ഠകളുണ്ട്. അവയെല്ലാം പരിശോധിക്കും. ഒന്നാമത്തെ കാര്യം, സെക്യൂരിറ്റിയാണ്. അത് ഈ എഗ്രിമെന്റിൽതന്നെ പറയുന്ന നാഷണൽ സെക്യൂരിറ്റിയാണ്. രണ്ട്, പബ്ലിക്ക് ഇന്ററസ്റ്റാണ്. നാഷണൽ സെക്യൂരിറ്റിയെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു, അത് സ്ട്രാറ്റജിക് ആയിട്ടുള്ള സ്ഥലമാണ്. സ്റ്റേറ്റ് ഗവൺമെന്റിന്റെ അനുമതി മാത്രമല്ല, കേന്ദ്രഷിപ്പിങ് മന്ത്രാലയത്തിന്റെയും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും കൂടി അനുമതി ഇതിന് വേണ്ടിവരും. പബ്ലിക്ക് ഇന്ററസ്റ്റ് എന്ന് പറയുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പോയിന്റ്. അങ്ങ് അത് ചൂണ്ടിക്കാണിച്ചു, ഇത് ഭയങ്കര കുഴപ്പമാണെന്നുള്ളതല്ല. നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം, കോമൺ യൂസർ ഫെസിലിറ്റി അവിടെ ഉണ്ടാകണം. ഒരു competitive ആയിട്ടുള്ള യൂസർ ഫെസിലിറ്റി ആയിരിക്കണം അവിടെയുണ്ടാകേണ്ടത്. എല്ലാവർക്കും ഉപയോഗിക്കാവുന്ന തരത്തിലുള്ള സംവിധാനം ഉണ്ടാകാതെ ഈ കമ്പനിക്ക് അവിടെ ഒരു കുത്തകയുണ്ടാകാൻ പാടില്ല. ആ കുത്തക ഉണ്ടാകില്ലായെന്ന് സംസ്ഥാന സർക്കാരാണ് ഉറപ്പുവരുത്തേണ്ടത്. ഷിപ്പിങ് ലൈൻസ്, വെസൽ ഓപ്പറേറ്റേഴ്സ്, ഷിപ്പേഴ്സ്, കൺസൈനീസ്, ഫ്റൈറ്റ് ഫോർവേഡേഴ്സ് മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സുകൾ ഇതിന്റെ ഉപഭോക്താക്കളായിട്ടുണ്ട്. ഇവർക്കെല്ലാം വിവേചനരഹിതമായുള്ള ഒരു സ്ഥലം, അതായത് കോമൺ സ്ഥലമായി ഉപയോഗിക്കാൻ കഴിയുന്ന കോമൺ യൂസർ ഫെസിലിറ്റിയുണ്ടായിരിക്കണം. ഇത് ഈ കമ്പനിയുടെ കുത്തകയായി മാറരുത്. ഈ കമ്പനി വെറുമൊരു ഫിനാൻഷ്യൽ ഇൻവെസ്റ്റർ മാത്രമല്ല, ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ടെർമിനൽ ഫെസിലിറ്റീസുള്ള ഒരു കമ്പനിയാണ്. അവർ ഈ സൗകര്യങ്ങളെ ഏതുവിധത്തിലാണ് ഉപയോഗപ്പെടുത്താൻ പോകുന്നതെന്ന് പരിശോധിക്കണം. പ്രധാനമായും സർക്കാർ അഞ്ച് കാര്യങ്ങൾ ഉറപ്പുവരുത്തും. ഒന്ന്, നാഷണൽ സെക്യൂരിറ്റി ആസ്പെക്ട്. രണ്ട്, പൊതുതാൽപര്യം, മുമ്പ് ഞാൻ വിശദീകരിച്ചതുപോലെ എല്ലാവർക്കും ഉപയോഗിക്കാവുന്ന പോലെ കോമൺ യൂസർ

*01-07-2026*
*Submission*

ഫെസിലിറ്റി ഉണ്ടാകണം. മൂന്ന്, ഫെയർ കോമ്പറ്റീഷൻ - മത്സരാധിഷ്ഠിതമായി പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയണം, എല്ലാവർക്കും അതിനുള്ള ആക്സസ്സുണ്ടാകണം. നാല്, ഇൻവെസ്റ്റ്മെന്റിനെ പ്രോത്സാഹിപ്പിക്കണം. ഒരു കമ്പനിയുടെ മാത്രമല്ല, എല്ലാ കമ്പനികളുടേയും ഇൻവെസ്റ്റ്മെന്റിനെ പ്രൊമോട്ട് ചെയ്യണം. അഞ്ച്, വിഴിഞ്ഞം പോർട്ടിന്റെ ദൂരകാഴ്ചയോടുകൂടിയ വികസനത്തിന്റെ ആസ്പെക്ട്. ഈ പ്രധാനപ്പെട്ട അഞ്ച് കാര്യങ്ങളും സംരക്ഷിച്ചുകൊണ്ട് മത്സരാടിസ്ഥാനത്തിൽ പോർട്ടിന് പുറത്തുള്ള ആക്ടിവിറ്റികൾകൂടി ഗൗരവമായി കൈകാര്യം ചെയ്യാനും മറ്റ് കമ്പനികൾക്ക് വരാനുമുള്ള അവസരമുണ്ടാകുന്ന രീതിയിൽ ഈക്കാര്യങ്ങൾ പരിശോധിച്ചുമാത്രമേ ഇതിനുള്ള അംഗീകാരം സർക്കാർ നൽകുകയുള്ളൂ.

<u>തോട്ടപ്പള്ളി കരിമണൽ ഖനനം</u>

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിയിലെ കരിമണൽ ഖനനമെന്ന കൊള്ളക്കെതിരെയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പ്രകൃതിദത്തമായ ടൺകണക്കിന് കരിമണലാണ് ഇവിടെ പ്രതിദിനം അടിഞ്ഞുവരുന്നത്. ചിലയാളുകൾ ചാക്കിൽ വാരി തമിഴ്നാട് ലോബിക്ക് വിൽക്കുന്നു. IREL എന്ന കേന്ദ്രസർക്കാർ സ്ഥാപനവും കരിമണൽ ഖനനം നടത്തി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (KMML) ചവറയ്ക്ക് നൽകുന്നുണ്ട്. ഇതിന് ശരിയായ കണക്കോ മൂല്യനിർണ്ണയമോ ഇല്ല. പതിറ്റാണ്ടുകളായി അഴിമതി പണത്തിനുള്ള നിധിയായി ഈ രംഗം മാറിയിട്ടുണ്ട്. സ്വർണ്ണത്തെക്കാൾ മൂല്യമുള്ളതാണ് കരിമണൽ. വരുമാനത്തിന്റെ ഒരു ഭാഗം പോലും കരിമണൽ സാന്നിധ്യമുള്ള പുറക്കാട്, വീയപുരം, ചെറുതന, തൃക്കുന്നപ്പുഴ, കുട്ടനാട് എന്നീ പ്രദേശങ്ങൾക്ക് ലഭിക്കുന്നില്ല. ആലപ്പുഴ ജില്ലയ്ക്ക് ലഭിക്കുന്നില്ല, കേരളത്തിന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. നാട്ടിലെ സമ്പത്ത് നാട്ടുകാരിൽ നിന്ന് കൊള്ളയടിക്കുന്ന പഴയ കൊളോണിയൽ ആധിപത്യത്തെയാണ് കരിമണൽ ഖനനം ഓർമ്മിപ്പിക്കുന്നത്. ഇത് തിരുത്തേണ്ടതുണ്ട്. കരിമണൽ സംബന്ധിച്ച് അറിവുള്ള വിദഗ്ധരെ വച്ച് അന്വേഷണം നടത്തി മൂല്യാധിഷ്ഠിത ഉൽപ്പന്നമാക്കി മാറ്റണം. അതിനുള്ള ഫാക്ടറി തോട്ടപ്പള്ളിയിൽ സ്ഥാപിക്കുകയും നാടിന് വിഹിതം നൽകുകയും വേണം. കാരണം

*01-07-2026*
*Submission*

ശൂന്യാകാശ ഗവേഷണ പേടകം മുതൽ അണുബോംബ് വരെയുണ്ടാക്കാൻ കഴിയുന്ന ലോഹങ്ങളാണ് കരിമണലിലുള്ളത്. അതായത് മോണോസൈറ്റ്, ഇൽമനൈറ്റ്, തോറിയം തുടങ്ങിയ ധാതുക്കളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. തൽക്കാലം ഖനനം നിർത്തിവയ്ക്കണം. ഇതുസംബന്ധിച്ച് വിദഗ്ധർ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം അഴിമുഖത്ത് നിന്നുമാത്രം മണൽ വാരി കേരളത്തിന്റെ ഫാക്ടറികളിൽ മൂല്യാധിഷ്ഠിത ഉൽപ്പന്നമാക്കി വിദേശ കമ്പോളത്തിൽ വിൽക്കാം. ഇത് കേരള സർക്കാരിന്റെ സാമ്പത്തിക പ്രയാസത്തിന് വലിയൊരു പരിഹാരമാകും. ഇന്ത്യയുടെ വരുമാനത്തിനും ഇത് ഗുണം ചെയ്യും. കഴിഞ്ഞ 25 വർഷകാലമായി നടത്തുന്ന ഖനനത്തെക്കുറിച്ച് അന്വേഷണം നടത്തണം. നിയമവിരുദ്ധമായി പണം സമ്പാദിച്ചവരെ കണ്ടെത്തി ശിക്ഷിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, തോട്ടപ്പള്ളി സ്പിൽവേ പൊഴിമുഖത്തുനിന്നും മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ 31-05-2009-ലെ ഉത്തരവുപ്രകാരം കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (KMML) ചവറ എന്ന സ്ഥാപനം മുഖേന പൊഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ മഴക്കാലത്തിനുമുമ്പ് നീക്കം ചെയ്യുന്നതിനും ജലം പൊഴിമുഖത്തിലൂടെ സുഗമമായി ഒഴികുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. തോട്ടപ്പള്ളി പൊഴിമുഖത്തുനിന്നും നീക്കംചെയ്യുന്ന മണലിൽനിന്നും ധാതു മണൽ വേർതിരിച്ചശേഷം ബാക്കിവരുന്ന മണൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ ആലപ്പുഴ ജില്ലാ കളക്ടറുടെ ചേംബറിൽ 1-6-2026-ൽ വിളിച്ചുചേർത്ത യോഗത്തിലെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ, വേർതിരിക്കുന്ന മണൽ ചെല്ലാനത്തെ കടൽതീരത്തെ ജിയോ ട്യൂബിൽ നിറച്ച് കടൽഭിത്തി നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നു. പൊഴിമുഖത്തുനിന്ന് നീക്കം ചെയ്യുന്ന ധാതു മണൽ പ്രോസസ് ചെയ്ത് ധാതുക്കൾ വേർതിരിച്ച് വില്പന നടത്തുന്നതിന്റെ റോയൽറ്റിയാണ് മുൻകൂറായി വകുപ്പിന് കൊടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എട്ട് കോടി എഴുപത് ലക്ഷത്തി ചില്വാനം രൂപ റോയൽറ്റിയായി KMML ഒടുക്കിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് പബ്ലിക്ക് സെക്ടറാണ്.

*01-07-2026*
*Submission*

സെൻട്രൽ പബ്ലിക്ക് സെക്ടറിൽവരുന്ന Indian Rare Earths Limited (IREL) നാല് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപയും ഒടുക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആക്ഷേപം സർക്കാർ ഗൗരവത്തോടുകൂടി എടുത്തുക്കൊണ്ട് പരിശോധിക്കുകയും അടിയന്തരനടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രപൊതുമേഖലാ സ്ഥാപനവും സംസ്ഥാന പൊതുമേഖലാ സ്ഥാപനവും ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ഇതിനുമുമ്പ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് തീർച്ചയായും അന്വേഷിക്കും. ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് ഇതിന്റെ ഓഡിറ്റിങ് നടത്തണം. എവിടെനിന്നെല്ലാം മണൽ ശേഖരിക്കാം; അത് ശേഖരിക്കുന്നതുകൊണ്ട് കുട്ടനാട്, അപ്പർകുട്ടനാട് ഭാഗത്തും മറ്റ് പ്രദേശങ്ങളിലും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നുള്ള കാര്യങ്ങളിൽകൂടി ഓഡിറ്റിങ് വേണം. തീർച്ചയായും വിദഗ്ധ സമിതിയെ നിയോഗിച്ച് വിശദമായി പരിശോധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

<u>മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി പുനരാരംഭിക്കൽ</u>

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിലെ ഗ്രാമീണ റോഡുകളുടനീളം ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. അങ്ങേയറ്റം തകർന്നുകിടക്കുന്ന ഈ അവസ്ഥ പരിഹരിക്കേണ്ട ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണമെന്നാണ് ഞാൻ അഭ്യർഥിക്കുന്നത്. സാധാരണക്കാരായ ജനങ്ങൾ ദിവസേന യാത്രയ്ക്കായി ആശ്രയിക്കുന്നത് ഈ റോഡുകളെയാണ്. ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുന്നതിന്റെ പ്രധാനപ്പെട്ട കാരണം വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. മഴക്കാലംകൂടി വന്നതുകൊണ്ട് പലയിടങ്ങളിലും റോഡുകൾ പൂർണ്ണമായും തകർന്നു. ജനങ്ങളുടെ യാത്ര വളരെയേറെ ദുരിതപൂർണമായി. ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങൾക്കും ഇത് ബാധകമാണ്. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള സാമ്പത്തികമില്ല. വസ്തുതാപരമായി പരിശോധിച്ചാൽ അവരുടെ സ്ഥിതി വളരെ ദയനീയമാണ്. ഇതെങ്ങനെ പരിഹരിക്കാമെന്നതിനെ സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം.

*01-07-2026*
*Submission*

ജൽജീവൻ മിഷൻ പദ്ധതികളുടെ ഭാഗമായി PWD റോഡുകൾ നിർമ്മിച്ചാൽ അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള തുക വാട്ടർ അതോറിറ്റി നൽകും. നേരത്തെ ബഹുമാന്യനായ ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ ഗ്രാമീണ റോഡുകൾ വെട്ടിപ്പൊളിച്ചാൽ ഫണ്ടിന്റെ അഭാവംകൊണ്ട് ഒരു പൈസയും നൽകുന്നില്ല. റോഡുകൾ കൃത്യമായി പുനഃനിർമ്മിക്കാത്തതിനാൽ പ്രശ്നത്തിന്റെ തീവ്രത വർധിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പ്രശ്നം വന്നപ്പോൾ സർക്കാർ മാതൃകാപരമായി CMLRRP അഥവാ 'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധരാണ പദ്ധതി' ഏറ്റെടുത്തു. പദ്ധതിപ്രകാരം ആയിരം കോടി രൂപ വീതം രണ്ട് ഘട്ടങ്ങളിലായി രണ്ടായിരം കോടി രൂപയാണ് സർക്കാർ നൽകിയത്. കേരളത്തിൽ ഏകദേശം ഇരുപതിനായിരത്തോളം കിലോമീറ്റർ ദൂരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ചെയ്തത്. രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും ആ തുക അനുവദിച്ചു. നാട്ടിലുള്ള റോഡുകൾ നന്നായതിന്റെ ഫലമായി എം.എൽ.എ.-മാർക്ക് സുഗമമായ സഞ്ചാരം സാധ്യമായി. എം.എൽ.എ.-മാരുടെ ഉത്തരവാദിത്വമാണിത് എന്നാണ് ജനങ്ങളുടെ ധാരണ. ആ നിലയിൽ വലിയ തരത്തിലുള്ള പ്രതിഷേധം ജനങ്ങൾക്കിടയിൽനിന്നുവരുന്നു. നേരത്തെ ഇവിടെ നടപ്പാക്കിയ പദ്ധതിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേകമായ റോഡ് വികസന പദ്ധതിയെന്ന പേരിൽ ആയിരം കോടി രൂപ എല്ലാ മണ്ഡലങ്ങൾക്കും അനുവദിച്ചുനൽകണം. ഞാൻ അധികം തുകയൊന്നും ചോദിക്കുന്നില്ല. ഈ പദ്ധതിയുമായിട്ട് മുന്നോട്ടുപോകുന്നത് ഗുണകരമാണ്. അങ്ങ് അതിന് മുൻകൈ എടുത്ത് നിശ്ചിത തുക മാറ്റി വയ്ക്കുമോ? എല്ലാവർക്കും വേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചത്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഗ്രാമീണ റോഡുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം യാഥാർഥ്യമാണ്. കേരളത്തിലെ ഗ്രാമീണറോഡുകളെല്ലാം തകർന്നുകിടക്കുകയാണ്. അതിന്റെ നിർമ്മാണ പ്രവർത്തനത്തിന് തന്നെയൊരു കുഴപ്പമുണ്ട്. ബി.എം.&ബി.സി. റോഡുകൾ പണിയുന്നതുപോലെയല്ല ഗ്രാമീണറോഡുകൾ പണിയുന്നത്. റോഡിന്റെ വശത്ത് മരങ്ങൾ നിൽക്കുന്നുണ്ടെങ്കിൽ

അതിൽ നിന്നും വീഴുന്ന വെള്ളം മാത്രംമതി ഒരു വർഷം കഴിയുമ്പോൾ റോഡ് തകർന്നുപോകാൻ. ശക്തമായ മഴ പെയ്താൽ ഒലിച്ചുപോകുന്ന രീതിയിലുള്ള നിർമ്മാണപ്രവർത്തനമാണ് ഗ്രാമീണറോഡുകളിൽ നടക്കുന്നത്. പ്രളയകാലത്തുപോലും ബി.എം.&ബി.സി.-യിൽ നിർമ്മിക്കുന്ന റോഡുകൾ തകർന്നില്ല. പക്ഷേ ഗ്രാമീണ റോഡുകൾ എങ്ങനെയാണ് ചെയ്യുന്നത്? ഇന്നലെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഒരു കാര്യം പറയുകയുണ്ടായി. ഒരു പഞ്ചായത്തിന് രണ്ട് കോടി കിട്ടിയാൽ 25 അംഗങ്ങൾ അത് വീതിച്ചെടുക്കുകയാണ്. അഞ്ച് ലക്ഷം രൂപ മുതൽ പത്തു ലക്ഷം രൂപവരെയുള്ളൊരു പ്രവൃത്തിയാണ് അവിടെ ചെയ്യുന്നത്. ആ റോഡ് നിലനിൽക്കുന്നില്ല, അതൊരു അസ്സറ്റ് ക്രിയേഷനായി മാറുന്നില്ല. പഞ്ചായത്തിന്റെ ചെലവുകളെക്കുറിച്ച് നമ്മൾ ഗൗരവതരമായി പരിശോധിക്കേണ്ടതുണ്ട്. നമ്മൾ ഏകപക്ഷീയമായി ഒരു പദ്ധതിയും നടപ്പാക്കാൻ പോകുന്നില്ല. പ്ലാൻ ഫണ്ടിന്റെ 28.5 ശതമാനം ലോക്കൽ ബോഡിക്ക് നൽകുകയാണ്. ഇപ്രകാരം നൽകുന്ന തുക ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഭരണകക്ഷിയും പ്രതിപക്ഷവും ഗൗരവമായി പരിശോധിക്കണം. What is the quality of the expenditure? വ്യക്തിപരമായിട്ടും എം.എൽ.എ. എന്ന നിലയിലും എനിക്ക് വലിയ പ്രയാസമുണ്ട്. ഞാൻ ലോക്കൽ ബോഡികളെ കുറ്റപ്പെടുത്തില്ല. അവർക്ക് വേറെ ഓപ്ഷനില്ല. ജനസമ്മർദ്ദം വരുമ്പോൾ പഞ്ചായത്ത് മെമ്പർമാർക്ക് അവരവരുടെ വാർഡിൽ സൗകര്യം വേണം എന്നു പറയാതിരിക്കാൻ കഴിയില്ല. ഞാൻ പഞ്ചായത്ത് മെമ്പറാണെങ്കിലും വാശിയോടുകൂടി എന്റെ ഷെയർ വാങ്ങിക്കും. ഇപ്രകാരം വാങ്ങുന്ന തുക വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തിക്ക് ക്വാളിറ്റിയില്ല. അതിനാൽ ആ വർക്ക് നിലനിൽക്കില്ല. സംസ്ഥാന പ്ലാൻ ഫണ്ടിന്റെ 28.5 ശതമാനം തുക ഉപകാരപ്രദമല്ലാതെ ചെലവാകുന്നത് ഗൗരവതരമായി ചിന്തിക്കേണ്ടൊരു വിഷയമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഒരു പദ്ധതിയുണ്ടായിരുന്നു. അതിൽ റേറ്റ് ഫിക്സേഷനുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർ പ്രവൃത്തി ഏറ്റെടുക്കാത്ത ഒരു പ്രശ്നം വ്യാപകമായി സംസ്ഥാനത്തുണ്ടായി. അതുസംബന്ധിച്ച് ഞാൻ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. എന്റെ നിയോജകമണ്ഡലത്തിൽ അങ്ങ് നൽകിയ ഒരു

*01-07-2026*
*Submission*

വർക്കിന്റെ 25 ശതമാനം മാത്രമേ കോൺട്രാക്ടർമാർ എടുത്തിട്ടുള്ളൂ. അതും നമ്മുടെ നിർബന്ധത്താലാണ് എടുത്തത്. ബാക്കി 75 ശതമാനം പ്രവൃത്തി എടുക്കാത്ത സാഹചര്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപ്രകാരം ഗ്രാമീണറോഡുകൾ പരിപാലിക്കുന്നതിനുവേണ്ടി ഗൗരവമായൊരു പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കാം.

## കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ പാതകളിൽ, നാഷണൽ ഹൈവേ അല്ലെങ്കിലും നാഷണൽ ഹൈവേയ്ക്ക് തുല്യമോ അതേ പ്രാധാന്യമോ ഉള്ള ഒരു പാതയാണ് എം.സി. റോഡുകൾ. എം.സി. റോഡിന്റെ വികസനം, കെ.എസ്.ടി.പി. പണ്ട് വർക്ക് ചെയ്തതിനുശേഷം ആ റോഡിന് വീതികൂട്ടാൻവേണ്ടിയിട്ടുള്ള പ്രവർത്തനം നടന്നിട്ടില്ല. ഇതിന്റെ ഭാഗമായി കഴിഞ്ഞ ബജറ്റിൽ എം.സി. റോഡും വിവിധ ജങ്ഷനുകളിലെ ബൈപാസ്സുകളും ഉൾപ്പെടെ 4500-ൽ അധികം കോടി രൂപയുടെ ഒരു കിഫ്ബി പദ്ധതി പ്രഖ്യാപിച്ചിരുന്നു. അത് ഇനി വീണ്ടും വരുമോ എന്നുള്ളത് കിഫ്ബിയുടെ പ്രവർത്തനങ്ങൾ തുടർന്ന് പരിശോധിക്കുമ്പോൾ അറിയാൻകഴിയും. പക്ഷേ അതിന്റെ ഭാഗമായി പ്രവർത്തനം നടത്തുന്നതിന്റെ തുടക്കത്തിൽ കൊട്ടാരക്കര ബൈപ്പാസ്സിന് തുക അനുവദിച്ചിരുന്നു. കൊട്ടാരക്കര ഉൾപ്പെടെ മറ്റ് ജങ്ഷനുകൾക്കും നേരത്തെതന്നെ തുക അനുവദിച്ചിരുന്നതാണ്. കൊട്ടാരക്കര ബൈപ്പാസ് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. കാരണം കൊല്ലം-ചെങ്കോട്ട പോകുന്ന നാഷണൽ ഹൈവേയും എം.സി. റോഡും സന്ധിക്കുന്ന ജങ്ഷനാണ്. എം.സി. റോഡ് യാത്രയിൽ രണ്ട് മണിക്കൂർവരെ ട്രാഫിക് തടസ്സമുണ്ടാക്കുന്ന ഒരു കേന്ദ്രമായി കൊട്ടാരക്കര മാറിയിട്ടുണ്ട്. കൊട്ടാരക്കരയ്ക്ക് അടുത്തുള്ള അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ബൈപ്പാസുകൾ വന്നിട്ടുണ്ട്. കൊട്ടാരക്കര ബൈപ്പാസിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിയിട്ടുള്ള അടിയന്തരകാര്യങ്ങളെല്ലാം നടത്തിയിട്ടുണ്ട്. സാധാരണഗതിയിൽ ലാൻഡ് അക്വിസിഷനും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കാൻ മൂന്ന് വർഷത്തോളം സമയം വേണമെന്ന് അങ്ങേക്ക് അറിയാം. ഇവിടെയും ലാൻഡ് അക്വിസിഷന്റെ നടപടിക്രമങ്ങൾ നടന്നു. മൈലം, കൊട്ടാരക്കര എന്നീ പ്രദേശങ്ങളിൽ നിന്നും കൊട്ടാരക്കര ബൈപ്പാസിനായി സ്ഥലമെടുക്കേണ്ടതാണ്. അതുമായി

ബന്ധപ്പെട്ട പ്രാഥമിക സർവെ പൂർത്തിയായി. മൈലം വില്ലേജിലെ സ്ഥലമേറ്റെടുപ്പിനുള്ള 22 കോടി രൂപ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പക്ഷേ ഇലക്ഷന്റെ ഭാഗമായി ബാക്കി പ്രഖ്യാപനങ്ങളോ നടപടിക്രമങ്ങളോ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല; അത് സ്വാഭാവികമാണ്. നിർദിഷ്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ബൈപ്പാസിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തികരിക്കാൻവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇത്തരം കാര്യങ്ങളെല്ലാം സഭയുടെയും അംഗങ്ങളുടെയും ശ്രദ്ധയിൽ വരേണ്ടതാണ്. സംസ്ഥാനത്തിനുണ്ടാകുന്ന ചില നഷ്ടങ്ങളാണിത്. 2022-ൽ ഭരണാനുമതി കിട്ടിയ, 1500 കോടി രൂപയുടെ പദ്ധതിയാണിത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ആദ്യഘട്ടമായി നാളിതുവരെ അതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. 2026 ആകുമ്പോൾ പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് നാല് വർഷമായി. 2022-ൽ നൽകിയ എ.എസ്. അനുസരിച്ച് പ്രവൃത്തി പൂർത്തിയായിരുന്നെങ്കിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് വകയിരുത്തിയ തുക മതിയാകും. ഇനിയങ്ങോട്ട് 1500 കോടി രൂപ എ.എസ്. കൊടുത്തതിന്റെ എത്രയോ ശതമാനമാണ് നാല് കൊല്ലംകൊണ്ട് കൂടാൻപോകുന്നത്, ഇക്കൊല്ലവും പൂർത്തിയാകുമെന്ന് തോന്നുന്നില്ല. കാരണം ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിൽ എത്തിയിട്ടേയുള്ളൂ. ഇത് ആരുടേയും കുഴപ്പമായിട്ടല്ല ഞാൻ പറയുന്നത്. പൊതുവായി ഈ വിഷയം പറയുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടിക്കായി അഞ്ചുവർഷം വേണ്ടിവരുമ്പോൾ സ്റ്റേറ്റ് എക്സ്ചെക്കറിൽ ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് മനസ്സിലാക്കേണ്ടതാണ്. 1500 കോടി രൂപയ്ക്ക് തീരുമാനിച്ച പദ്ധതിക്ക് ഇനി റിവയ്സ്ഡ് എ.എസ്. ഉറപ്പായും നൽകേണ്ടിവരും. ആ 1500 കോടി രൂപയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകില്ല. റിവയ്സ്ഡ് എ.എസ്. നൽകുമ്പോൾ എത്ര കോടി രൂപയുടെ വർധനയാണുണ്ടാകുന്നത്? ഭൂമിയേറ്റെടുക്കൽ നടപടി ഗൗരവത്തോടുകൂടി കണ്ടുകൊണ്ട്, ലാന്റ് അക്യുസിഷൻ സംബന്ധിച്ച നടപടിക്രമങ്ങളുടെ ലഘൂകരണവും അതിനാവശ്യമായ സർവെയർമാരുടെ വിന്യാസവും ഉണ്ടാക്കിയില്ലെങ്കിൽ ഈ തുക മുഴുവനും ഇപ്രകാരം നഷ്ടപ്പെടും. അങ്ങയുടെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലേക്ക് കടക്കുകയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടമായി സിവിൽ

പ്രവൃത്തികൾക്കുള്ള ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ഡി.പി.ആർ. അവലോകനം നടത്തി സിവിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൂടി ഉൾപ്പെടുത്തി പദ്ധതിയുടെ ധനാനുമതി 254.81 കോടി രൂപയായി പരിഷ്കരിച്ച് നൽകിയിരുന്നു. ബൈപ്പാസ് നിർമ്മാണത്തിന്റെ തുടർനടപടിക്രമങ്ങൾ പൂർത്തികരിക്കാൻ ആവശ്യമായ കാര്യങ്ങൾ സർക്കാർ പരിശോധിക്കും.

ഡയറക്ട്, ഇൻഡയറക്ട് വരുമാനം ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടി

ശ്രീ. പി. എം. എ. സമീർ: സർ, കേരളത്തിലെ വാണിജ്യ-വ്യവസായ രംഗത്ത് നന്നായി പെർഫോം ചെയ്യുന്ന കമ്പനികൾ അവരുടെ നിക്ഷേപ സമാഹരണത്തിനായി SME IPO (Small and Medium Enterprises Initial Public Offering) ലക്ഷ്യം വച്ചുകൊണ്ട് നിക്ഷേപ സമാഹരണ പ്രക്രിയ പൂർത്തീകരിച്ചുവരികയാണ്. ഈ സമയത്ത് ഇത്തരം കമ്പനികൾ നടത്തുന്ന സ്കീം ഓഫ് അമാൽഗമേഷൻ, മെർജർ പോലുള്ള സ്കീമുകൾക്ക് നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, കർണ്ണാടക, അതുപോലെ ഗുജറാത്ത്, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിൽ ഇൻസെന്റീവുകൾ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവയിലൊക്കെ ഒരു upper cap (കൂടിയ പരിധി) കൊണ്ടുവന്ന് ഇത്തരം കമ്പനികളെ ആകർഷിക്കുന്ന രീതിയിലുള്ള ഒരു സമ്പ്രദായം നിലവിലുണ്ട്. അതുകൊണ്ട് നമ്മുടെ നാട്ടിലുള്ള കമ്പനികൾ അവരുടെ രജിസ്റ്റേർഡ് ഓഫീസ് ഇത്തരം സംസ്ഥാനങ്ങളിലേക്ക് മാറ്റുകയും അവർക്ക് ഇപ്രകാരം ലഭ്യമാകുന്ന ഇൻസെന്റീവുകൾ ഉപയോഗിക്കുന്നതുമായ ഒരു പ്രവണത കണ്ടുവരുന്നുണ്ട്. ഇതുമൂലം സംസ്ഥാനത്തിന് ഡയറക്ടായും ഇൻഡയറക്ടായും റവന്യൂ ലോസ് വരും. ഡയറക്ടായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ, പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് ഉൾപ്പെടെ വരുമ്പോൾ ഇൻഡയറക്ടായി ജി.എസ്.ടി.-യിലെ ഇൻപുട്ട് ക്രെഡിറ്റ് സംവിധാനവും അതുപോലെതന്നെ വലിയ രീതിയിലുള്ള തൊഴിലവസരങ്ങളുടെ സാധ്യതയും ഇല്ലാതാകുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഒരു ടാലന്റ് പൂൾ നമുക്ക് നന്നായി ലഭ്യമായിട്ടുണ്ട് എന്നതാണ്. ലേബർ ക്ലാസിലുള്ള ആളുകളാണ് ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്ന് ജോലി ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാർ. ഇത്തരം കമ്പനികളിലും ഓഫീസുകളിലുമുള്ള സീനിയർ

ലെവൽ എംപ്ലോയീസ് നമ്മുടെ സംസ്ഥാനത്തെ ടാലന്റ് പൂൾ ആണ്. അവരുടെ ജോലി സാധ്യതകൂടിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. ഇത്തരത്തിലുള്ള ഒരു സാമ്പത്തിക നഷ്ടം വരികയും കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമല്ല എന്നുള്ള രീതിയിലേക്ക് വരാൻ ഇടവരികയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇതിലുണ്ട്. അതുകൊണ്ട് നമ്മുടെ സ്റ്റാമ്പ് ഡ്യൂട്ടിയാണെങ്കിലും രജിസ്ട്രേഷൻ ഫീയാണെങ്കിലും മറ്റ് സംസ്ഥാനങ്ങൾ compete ചെയ്യുന്നതുപോലെ rationalise ചെയ്ത് അപ്പർ ക്യാപ്പ് പോലുള്ള നടപടികൾ കൊണ്ടുവരണമെന്നാണ് ചട്ടം 304 മുഖേനയുള്ള സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കമ്പനികളുടെ അമാൽഗമേഷനുമായി ബന്ധപ്പെട്ട് ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതിനായി കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള നിയമനിർമ്മാണങ്ങളുടെ ചുവടുപിടിച്ച് 2016-ലെ കേരള ഫിനാൻസ് ആക്റ്റ് പ്രകാരം ഒരു ഭേദഗതി വരുത്തിയിരുന്നു. അതിന്റെ ഭാഗമായി നിലവിൽ കമ്പനികളുടെ അമാൽഗമേഷന് കൈമാറ്റം ചെയ്യപ്പെടുന്ന കമ്പനിയുടെ സ്ഥാവര സ്വത്തിന്റെ രണ്ട് ശതമാനം അല്ലെങ്കിൽ പകരമായി അലോട്ട് ചെയ്യുന്ന ഷെയറുകളുടേയോ മറ്റ് മാർക്കറ്റബിൾ സെക്യൂരിറ്റികളുടേയോ മാർക്കറ്റ് മൂല്യത്തിന്റെ 0.6 ശതമാനം (ഇതിൽ ഏതാണോ കൂടുതൽ) എന്ന നിരക്കിൽ മുദ്രവില ഈടാക്കേണ്ടതാണ്. പ്രസ്തുത സ്റ്റാമ്പ് ഡ്യൂട്ടിക്ക് എന്തെങ്കിലും ഉയർന്ന പരിധി കേരളത്തിൽ ഇതുവരെ നിശ്ചയിച്ചിട്ടില്ല. എന്നാൽ മേൽ പ്രകാരമുള്ള കമ്പനികളുടെ അമാൽഗമേഷന് കർണ്ണാടകയിൽ 25 കോടി രൂപയായും തെലങ്കാനയിൽ 20 കോടി രൂപയായും മഹാരാഷ്ട്രയിൽ 50 കോടി രൂപയായും Upper cap (ഉയർന്ന പരിധി) നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. തമിഴ്നാട്ടിൽ കേരളത്തിലേതുപോലെ പരിധിയില്ലാതെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിച്ചിട്ടുള്ളതുമാണ്. ഇക്കാര്യം സർക്കാരിന് പ്രത്യക്ഷത്തിൽ വലിയ വരുമാന നഷ്ടമുണ്ടാക്കും. അതേസമയം വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തേണ്ടതിന്റെ ആവശ്യകതയുമുണ്ട്. ഈ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നതിനെ തടയുന്നത് സംബന്ധിച്ച് നമുക്ക് പരിഗണിക്കാം. ആ വിഷയം സർക്കാരിന്റെ ഒരു നയപരമായ തീരുമാനമാണ്. അതുകൊണ്ട് അത് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

*01-07-2026*
*Submission*

തങ്കളം-കാക്കനാട് റോഡ് നിർമ്മാണം

ശ്രീ. ഷിബു തെക്കുംപുറം: സർ, കോതമംഗലം നിയോജകമണ്ഡലത്തിന്റെ സ്വപ്നപദ്ധതിയാണ് തങ്കളം-കാക്കനാട് നാലുവരിപ്പാത. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോതമംഗലം, പെരുമ്പാവൂർ, കുന്നത്തുനാട്, തൃക്കാക്കര നിയോജകമണ്ഡലങ്ങളെ കോർത്തിണക്കിക്കൊണ്ടാണ് ഈ നാലുവരിപ്പാത വിഭാവനംചെയ്തത്. നിലവിൽ കോതമംഗലത്തുനിന്നും എറണാകുളത്ത് എത്തണമെങ്കിൽ ഒന്നര മണിക്കൂർ സമയംവേണം. ഏതാണ്ട് 55 കിലോമീറ്റർ ദൂരവുമുണ്ട്. ഈ നാലുവരിപ്പാത പൂർത്തിയാകുകയാണെങ്കിൽ 30 മിനിറ്റുകൊണ്ട് 28 കിലോമീറ്റർ യാത്രചെയ്ത് കാക്കനാട് എത്താൻ കഴിയും. ഏതാണ്ട് 12 ഹെക്ടർ സ്ഥലം ആവശ്യമുള്ള ഈ പദ്ധതിക്ക് 2011-ൽ 13 കോടി രൂപ അനുവദിക്കുകയും ഏകദേശം ഒരു കിലോമീറ്റർ നാല് വരി പാത പൂർത്തിയാക്കുകയും ചെയ്തിരുന്നു. 2016-ൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി 30 കോടി രൂപ ഭരണാനുമതി നൽകിയെങ്കിലും ഈ പദ്ധതി മുന്നോട്ടുപോയിട്ടില്ല. കഴിഞ്ഞ പത്ത് വർഷക്കാലമായി ഒരു നടപടിയും സ്വീകരിക്കാൻ കഴിയാതെപോയ ഒരു വികസന മുരടിപ്പാണ് ഈ പാതയുമായി ബന്ധപ്പെട്ട് അവിടെയുള്ളത്. അവസാന ഘട്ടത്തിൽ ഈ നാല് വരിപ്പാതയുടെ അലൈൻമെന്റ് മാറ്റിക്കൊണ്ടുള്ള തീരുമാനം മുൻ സർക്കാർ എടുക്കുകയുണ്ടായി. മൂവാറ്റുപുഴ വഴി ഒരു പുതിയ അലൈൻമെന്റ് ആണ് മുൻ സർക്കാർ അവസാന ഘട്ടത്തിൽ തീരുമാനിച്ചത്. ആ അലൈൻമെന്റ് പ്രകാരം ഈ പാത രണ്ടുവരിപാതയായി മാറുകയും 30 മീറ്ററിന്റെ സ്ഥാനത്ത് 15 മീറ്ററായി കുറയുകയും ചെയ്തു. അതോടൊപ്പംതന്നെ ദൂരം കൂടുകയും ചെയ്തു. തീർച്ചയായും കോതമംഗലത്തെ ജനങ്ങളുടെ ആവശ്യം എന്നുപറയുന്നത് എറണാകുളവുമായി ബന്ധിപ്പിക്കുന്ന ഈ നാലുവരിപ്പാത പഴയ അലൈൻമെന്റ് പ്രകാരം മുന്നോട്ടുപോകണം എന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് പ്രിയപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടാനുള്ളത് പഴയ അലൈൻമെന്റ് പ്രകാരം ഈ നാലുവരിപാത മുന്നോട്ടുപോകണമെന്നാണ്. സ്ഥലമെടുപ്പ് നടപടികളും പാതയുടെ നിർമ്മാണവും വേഗത്തിൽ പൂർത്തിയാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

*01-07-2026*
*Submission*

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് കിഫ്ബി പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ ഉദാഹരണമാണ്. സഭ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. 2016-ൽ 30 കോടി രൂപയ്ക്ക് എ.എസ്. (അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ) കൊടുത്ത പദ്ധതിയാണ്. അത് ഇങ്ങനെ ഇഴഞ്ഞിഴഞ്ഞ് പോയി 2021 ആയപ്പോൾ പദ്ധതിയുടെ എസ്റ്റിമേറ്റ് 255 കോടി രൂപയായി. അതുകഴിഞ്ഞ് പാതയുടെ അലൈൻമെന്റിന് മാറ്റം വേണമെന്ന് പറഞ്ഞു. അതിനെക്കുറിച്ചുള്ള ചർച്ചയാണ് തുടർന്നുണ്ടായത്. അതിനുശേഷം പുതിയ ഡിസൈൻ വേണമെന്നായി. എ.എസ്. കൊടുത്ത് അഞ്ചാറ് വർഷങ്ങൾക്കുശേഷമാണ് ഡിസൈൻ മാറ്റം ആവശ്യപ്പെട്ടത്. അതിൻപ്രകാരം പുതിയ ഒരു ഡിസൈൻ കൊടുത്തു. എന്നാൽ ആ ഡിസൈൻ പ്രായോഗികമല്ലെന്ന് കിഫ്ബി പറഞ്ഞു. അപ്പോഴേക്കും ഏഴ് കൊല്ലമായി. തുടർന്ന് പുതിയ അലൈൻമെന്റിനെ കുറിച്ചാണ് ചർച്ചചെയ്തത്. 2026 ആയിട്ടും 2016-ൽ എ.എസ്. കൊടുത്ത ഒരു പദ്ധതിയുടെ ഡി.പി.ആർ. പോലും തയ്യാറായിട്ടില്ലെന്നതാണ് യാഥാർഥ്യം. എക്സ്ട്രാ ബജറ്ററി പർപ്പസിന് തുക നീക്കിവച്ചിട്ട് ബജറ്റിന് പുറത്തുനടക്കുന്ന ഒരു പണിയുടെ ഏറ്റവും വലിയ ഉദാഹരണമാണിത്. പത്ത് കൊല്ലം മുമ്പ് ഭരണാനുമതി കൊടുത്ത ഒരു വർക്കിന്റെ ഡി.പി.ആർ. പോലും ഇതുവരെയായില്ലെന്ന് നമ്മൾ മനസിലാക്കണം. അതുകൊണ്ടാണ് ഞങ്ങൾ കിഫ്ബിയെക്കുറിച്ച് പരിശോധിക്കുമെന്ന് പറഞ്ഞത്. ഏതെങ്കിലും ഒരു സ്ഥാപനത്തിന് ഇങ്ങനെ വെള്ളാനകളാകാൻ കഴിയുമോ? 30 കോടി രൂപയ്ക്ക് എ.എസ്. ലഭിച്ച പദ്ധതിയുടെ ഡി.പി.ആർ. ഇപ്പോൾ തയ്യാറാക്കിയാൽ എത്ര കോടി രൂപ ചെലവാകും; ഇത് ആരുടെ പണമാണ്? ഇത് ജനങ്ങൾ കൊടുക്കുന്ന നികുതി പണമാണ്. ഞാൻ ഇതിനുമുമ്പ് നിയമസഭയിൽ പറഞ്ഞിട്ടുള്ള ഒരു കാര്യമാണിത്. ഇങ്ങനെയൊരു വർക്ക് പി.ഡബ്ല്യു.ഡി.-ക്കാണ് നൽകിയതെങ്കിൽ എം.എൽ.എ.-മാർ സംയുക്തമായിനിന്നുകൊണ്ട് പദ്ധതിക്ക് എ.എസ്.-ഉം ടി.എസ്.-ഉം വാങ്ങുകയും വേണമെങ്കിൽ ഡിസംബർ 1-ന് തുടങ്ങി മാർച്ച് 31 വരെയുള്ള സീസണിൽതന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമായിരുന്നു. ഒരു വർഷത്തിനപ്പുറം പ്രവൃത്തി പോകില്ലായിരുന്നു. പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്തിരുന്ന മന്ത്രിമാർ മുമ്പിൽ ഇരിക്കുന്നുണ്ടല്ലോ. പത്ത് കൊല്ലം മുമ്പ് ഭരണാനുമതി കൊടുത്തതിന്റെ അവസ്ഥ ഇതാണ്. അത് പരിശോധിക്കാം.

*01-07-2026*
*Submission*

കോഴിക്കോട് സൗത്ത് ബീച്ച് വികസനം

ശ്രീ. കെ. പ്രവീൺ കുമാർ: സർ, കോഴിക്കോട് കടൽത്തീരത്തുള്ള ഒരു ചിരപുരാതന കെട്ടിടമാണ് കോഴിക്കോട് പോർട്ട് ബംഗ്ലാവ്. കേരള മാരിടൈം ബോർഡിന്റെ കീഴിൽ 2.5 ഏക്കർ സ്ഥലത്താണ് ഈ കെട്ടിടം സ്ഥിതിചെയ്യുന്നത്. ഇത് അന്തർദേശീയ നിലവാരമുള്ള ബീച്ച് ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിന് സ്വകാര്യ കമ്പനികൾക്കായി ടെൻഡർ വിളിച്ചു. ഒരു കമ്പനി ടെൻഡറിൽ ക്വാട്ട് ചെയ്ത തുക കൂടുതലായി. എന്നാൽ ഔദ്യോഗിക അലോട്ട്മെന്റ് ലഭ്യമായ ആ ടെൻഡർ ക്വാട്ട് ചെയ്ത ജേതാവിനെ ഒഴിവാക്കി മറ്റൊരു കമ്പനിക്ക് കൊടുക്കാനുള്ള ശ്രമം നടന്നു. സംഗതി വിവാദമായപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന ഞങ്ങളൊക്കെ സ്ഥലം സന്ദർശിക്കാൻ പോയി, ഞങ്ങളെ പോലീസ് തടഞ്ഞു, കേസെടുത്തു. ഇങ്ങനെ ഒരുപാട് ഭൂമികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ വ്യക്തികളിലേക്ക് നൽകുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ കണ്ണായ സ്ഥലം ഒരു വ്യവസ്ഥയുമില്ലാതെ ഒരു സ്വകാര്യ കമ്പനിക്ക് കൊടുക്കാൻ തീരുമാനിച്ച കഴിഞ്ഞ സർക്കാരിന്റെ നടപടി പുനഃപരിശോധിക്കണമെന്നാണ്. രണ്ടാമത്, ഇത് സുതാര്യവും വിവാദ രഹിതവുമായ രീതിയിൽ വികസനത്തിനായി ഉപയോഗപ്പെടുത്താൻ സർക്കാർ തയ്യാറാകണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കോഴിക്കോട് പോർട്ടിലെ ബീച്ച് മേഖലയിലുള്ള ഭൂമിയിൽ മറ്റൊരു സംരംഭം തുടങ്ങാൻ ശ്രമിച്ചതാണ്. ഇതിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിലെ 2.5 ഏക്കർ ഭൂമിയും ഈ വികസന പദ്ധതിയിൽപ്പെടുത്തി. പിന്നെ ഇവിടെ സൂചിപ്പിച്ചതുപോലെ മാരിടൈം ബോർഡ് നിയമിച്ച പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് M/s. Grant Thornton Bharat LLP മുഖേന 2024-ൽ ഒരു Expression of Interest ക്ഷണിച്ചു. ഈ ഭൂമിയിൽ നടപ്പാക്കാൻ പറ്റുന്ന വികസന പദ്ധതികളെക്കുറിച്ച് അഭിപ്രായം സ്വീകരിക്കുന്നതിനായുള്ള നടപടിക്രമങ്ങളായി. പിന്നെ ഒരു കമ്പനി വന്നു, ആ കമ്പനിയെ തിരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങളിൽ ഒരുപാട് പരാതികൾ പിന്നീടുണ്ടായി. അത് കുറച്ച് വർഷങ്ങളായി ഇങ്ങനെ തുടരുകയാണ്. ഇപ്പോൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09-03-2026-ൽ ലെറ്റർ ഓഫ് അവാർഡ്

അവർക്ക് കൊടുക്കുകയും തുടർനടപടികൾ പൂർത്തീകരിച്ച ശേഷം 10-06-2026-ന് കേരള മാരിടൈം ബോർഡും Talenmark Developers LLP-മായി കൺസ്ട്രക്ഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്കകളുടെ പശ്ചാത്തലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ഗൗരവതരമായി പരിശോധിക്കും.

മി. സ്പീക്കർ: അവസാനദിനമായതിനാൽ ഇനിയും 20 സബ്മിഷനുകൾ ബാക്കിയുണ്ട്. അംഗങ്ങളെല്ലാവരും സഹകരിക്കണം. പാതിരാക്കോഴി കൂവിയാലും ഇവിടെനിന്ന് എഴുന്നേൽക്കാൻ പറ്റാത്ത രീതിയിലുള്ള അജണ്ടയാണ് ഇന്നുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷൻ ഒരു മിനിറ്റ് കൊണ്ട് അവതരിപ്പിച്ച് മന്ത്രിമാർ മറുപടി മേശപ്പുറത്ത് വച്ചാൽ മതിയാകും. ഞാൻ പറഞ്ഞതുപോലെ ചെയ്താൽ ആ പ്രശ്നം അവസാനിക്കും. നിങ്ങൾക്ക് പറയാനുള്ളത് പറയുക, മന്ത്രിമാരുടെ കൈയിൽനിന്ന് മറുപടി വാങ്ങുക, ആ മറുപടി നിങ്ങൾ മാധ്യമങ്ങളിൽ കൊടുക്കുക, നിയമസഭയിൽ നിങ്ങൾ ഉന്നയിച്ച വിവരം ബഹുജനങ്ങളെ അറിയിക്കുക. ഇതല്ലാതെ വേറെ മാർഗമില്ല. അവസാന ദിവസമല്ലേ. ഇവിടെ അംഗങ്ങളായുള്ള 120-ലധികം ആളുകൾക്കും ഒരേ അഭിപ്രായമാണ്. അവരുടെ സബ്മിഷൻ അവതരിപ്പിക്കണം എന്നുതന്നെയാണ് ഞാൻ പറയുന്നത്. ഞാൻ അത് പ്രൊട്ടക്ട് ചെയ്യാനാണ് ഇവിടെയിരിക്കുന്നത്. പക്ഷെ അതിനകത്ത് ഒരു സഹകരണം വേണം. സബ്മിഷൻ ഒരു മിനിറ്റുകൊണ്ട് ഉന്നയിക്കാം. മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കും. അത് നിങ്ങൾക്ക് വാങ്ങാം. അതല്ലെങ്കിൽ നമുക്ക് അവസാനംവരെ ഇരിക്കേണ്ടിവരും. അത് വളരെ ബുദ്ധിമുട്ടാകും.

രാസലഹരിക്ക് അടിമപ്പെട്ടവരെ മോചിപ്പിക്കൽ

ശ്രീ. അപു ജോൺ ജോസഫ്: സർ, 'ഓപ്പറേഷൻ ഡി-ഹണ്ട്', 'ഓപ്പറേഷൻ തണ്ടർ', 'മയങ്ങില്ല കേരളം' എന്നീ വിപ്ലവകരമായ നടപടികൾ മുഖേന ചരിത്രത്തിലിതുവരെ കാണാത്ത വലിയൊരു മുന്നേറ്റമാണ് നമ്മുടെ സർക്കാർ ലഹരിക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം രാസലഹരിക്ക് അടിമപ്പെട്ട് പോയവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ മാർഗങ്ങൾ

*01-07-2026*
*Submission*

കേരളത്തിലുണ്ടോയെന്ന് പരിശോധിക്കണം. ഇന്ന് മദ്യാസക്തിയിൽനിന്ന് മോചനംനേടി ഡി-അഡിക്ഷൻ സെന്ററുകളിൽ നിന്നും മടങ്ങിവരുന്നവരുടെ എണ്ണം ഏതാണ്ട് 65 ശതമാനമാണ്. ഡ്രഗ്സ് ഉപയോഗത്തിൽനിന്ന് മോചനം നേടി തിരികെയെത്തുന്നവരുടെ എണ്ണം ഭീതിപ്പെടുത്തുന്നതാണ്, വളരെക്കുറവാണ്. പോസ്റ്റ് റീഹാബിലിറ്റേഷൻ സെന്ററുകളും കമ്മ്യൂണിറ്റി സപ്പോർട്ടുംവഴി റിലാപ്സ് ഉണ്ടാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. അതിനുവേണ്ടി ആൾക്കഹോളിക് അനോണിമസ് പോലെ നർക്കോട്ടിക്സ് അനോണിമസ് സെല്ലുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട അംഗം, അപു ജോൺ ജോസഫ് ഇവിടെ ഉന്നയിച്ചത് വളരെ ന്യായമായ ആവശ്യമാണ്. ആൾക്കഹോളിക് അനോണിമസ് നിലവിലുള്ളതാണ്. ഒരു ആസക്തി അനുഭവിച്ച വ്യക്തി മറ്റൊരു ആസക്തി അനുഭവിക്കുന്ന വ്യക്തിയെ സഹായിക്കുന്നുവെന്നതാണ് ആൾക്കഹോളിക് അനോണിമസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ആൾക്കഹോളിക് അനോണിമസ് പോലെ നർക്കോട്ടിക് അനോണിമസുകൂടി വേണമെന്ന അദ്ദേഹത്തിന്റെ ആവശ്യം അത്യന്താപേക്ഷിതമാണ്. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ഓപ്പറേഷൻ ഡി-ഹണ്ട്, ഓപ്പറേഷൻ തണ്ടർ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. രാസലഹരിക്കെതിരെ ഏറ്റവും വലിയ പോരാട്ടം നടക്കുകയാണ്. ഇതിനായി 'വിമുക്തി'-പോലെയുള്ള ഡി-അഡിക്ഷൻ സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ മുപ്പത്തിയഞ്ചോളം ആശുപത്രികളുമായി ബന്ധപ്പെട്ട് ഡി-അഡിക്ഷൻ സെന്ററുകളും ജീവിതത്തിലേക്ക് തിരിച്ചുവരുന്ന ആളുകളെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയും ആഭ്യന്തര വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ശ്രീ. അപു ജോൺ ജോസഫ് ഇവിടെ അവതരിപ്പിച്ച ആശയം വളരെ നല്ലതാണ്. അത് നടപ്പാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കും.

<u>റിമാൻഡ് തടവുകാരന് മാനുഷിക പരിഗണന നൽകൽ</u>

<u>ശ്രീ. ടി. ഒ. മോഹനൻ</u>: സർ, കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ മുപ്പത്തിയൊൻപത് വർഷമായി റിമാൻഡ് തടവുകാരനായി കഴിയുന്ന ആറളം വിയറ്റ്നാം

കോളനിയിലെ കുങ്കൻ എന്ന കൃഷ്ണന്റെ വാർത്ത മാധ്യമങ്ങളിലൂടെ അറിഞ്ഞു. മുപ്പത്തിയൊമ്പത് വർഷത്തിൽ മുപ്പത് വർഷക്കാലവും അദ്ദേഹം മാനസികനില തെറ്റിയതിനെത്തുടർന്ന് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലാണ് കഴിഞ്ഞത്. ഈ ദയനീയമായ കാഴ്ച മനുഷ്യാവകാശ ലംഘനമാണ്. നമ്മുടെ നാട്ടിലൊക്കെ കൊടുംകുറ്റവാളികൾ ശിക്ഷിക്കപ്പെട്ട് ജയിലിൽ പോയാൽ കേവലം ആഴ്ചകൾക്കുള്ളിൽത്തന്നെ അവർ പരോൾ വാങ്ങി പുറത്തുവരും. ജീവപര്യന്തത്തിന് ശിക്ഷിച്ചാൽ മൂന്ന് പ്രാവശ്യം കിടക്കേണ്ട സമയമായി. ജയിലിൽ കഴിയുന്ന അദ്ദേഹത്തെ പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. ടി. ഒ. മോഹനൻ ഇവിടെ അവതരിപ്പിച്ചത് വളരെ അപൂർവമായൊരു കേസാണ്. ഇന്നലെ മറ്റൊരു അംഗവും എന്നോട് ഇക്കാര്യം പറഞ്ഞിരുന്നു. മുപ്പത്തിയൊമ്പത് വർഷമായി ജയിലിൽ കഴിയുന്ന അദ്ദേഹത്തെക്കുറിച്ച് മാതൃഭൂമി ദിനപത്രത്തിലാണ് വളരെ വിശദമായ വാർത്ത വന്നത്. ജയിൽ ജീവിതത്തിന്റെ സിംഹഭാഗവും മാനസികാരോഗ്യ കേന്ദ്രത്തിലാണ് അദ്ദേഹം ചെലവഴിച്ചത്. 28-07-1987-ലാണ് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് റിമാൻഡ് ചെയ്തത്. അതിനുശേഷം 17-04-1995 മുതൽ 18-12-2025 വരെ അദ്ദേഹത്തിന് കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ നൽകിവരികയായിരുന്നു. മാനസികാരോഗ്യ നില മെച്ചപ്പെട്ടിട്ടുണ്ടെന്നും തിരികെ ഏറ്റെടുക്കണമെന്നുമുള്ള അറിയിപ്പ് കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ ലഭിച്ചതിനെത്തുടർന്ന് 18-12-2025-മുതൽ അദ്ദേഹത്തെ തിരികെ കണ്ണൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചുവരികയാണ്. അദ്ദേഹത്തെ ഏറ്റെടുക്കാൻ ബന്ധുക്കളാരുമില്ലാത്തതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്രയും നാൾ ജയിലിലും ചികിത്സയ്ക്കുമായി കഴിയേണ്ടിവന്നത്. അത് വളരെ വിഷമകരമായൊരു കാര്യമാണ്. അതിനാൽ ജയിൽ വകുപ്പുതന്നെ മറ്റ് എൻ.ജി.ഒ.-കളുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

*01-07-2026*
*Submission*

പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തൽ

ശ്രീ. സി. കെ. കാസിം: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഒരു അന്തർ സംസ്ഥാന പാതയായ കോഴിക്കോട് - കല്ലിങ്കൽ 266 റോഡ് കടന്നുപോകുന്ന വയനാട് ജില്ലയുടെ അതിർത്തി ഗ്രാമമായ പുതുപ്പാടിയിൽ നിലവിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റുണ്ട്. കഴിഞ്ഞ പത്ത് വർഷം മുമ്പ് അന്നത്തെ എം.എൽ.എ.-യായിരുന്ന സി. മോയിൻ കുട്ടി സാഹിബ് നിരന്തരമായി ആവശ്യപ്പെട്ട ഒരു പോലീസ് സ്റ്റേഷൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ പ്രിയപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അനുവദിച്ച് കൊടുത്ത എയ്ഡ് പോസ്റ്റാണ് അത്. പത്ത് വർഷം കഴിഞ്ഞ് വീണ്ടും ആവശ്യപ്പെടുകയാണ്. വളരെ വിസ്തൃതമായൊരു പ്രദേശമാണ് ഞങ്ങളുടെ  പോലീസ് ജ്യൂറിസ്ഡിക്ഷൻ. താമരശ്ശേരിയും വയനാട് ജില്ലയിലെ വൈത്തിരിയുമാണ് രണ്ട് അതിർത്തികൾ. ആ രണ്ട് പോലീസ് സ്റ്റേഷനിൽനിന്നും വയനാട് ചുരം ഉൾപ്പെടെയുള്ള പ്രദേശത്തേക്ക്  ഗതാഗതക്കുരുക്കോ അപകടമോ മയക്കുമരുന്നിന്റെ വേട്ടയുമായി  ബന്ധപ്പെട്ട് ഓപ്പറേഷൻ ഡിഫാനോ ഒക്കെ നടപ്പാക്കുമ്പോൾ വലിയ പ്രയാസമനുഭവപ്പെടുകയാണ്.  അതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും  ടൂറിസം ഡെസ്റ്റിനേഷനുമുൾപ്പെടെ നിരവധി വളർച്ച നേടിയിട്ടുള്ള ആ പ്രദേശത്തുള്ള പോലീസ് എയ്ഡ് പോസ്റ്റിനെ പോലീസ് സ്റ്റേഷനാക്കി ഉയർത്തി നൽകണമെന്നും ഈ വർഷംതന്നെ അതിന്റെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ ഭരണാനുമതിയും മറ്റ് പ്രവർത്തനങ്ങളും ഉണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താമരശ്ശേരി അടിവാരത്ത് ഒരു ഔട്ട് പോസ്റ്റ് 2023-ൽ അനുവദിച്ച് കൊടുത്തതാണ്. വളരെ ആവശ്യമായൊരു കേന്ദ്രമാണ്. ക്രൈം കേസ്സുകളുടെ എണ്ണം, സ്റ്റേഷൻ പരിധിയുടെ വിസ്തീർണ്ണം, ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിലാണ് പുതിയ പോലീസ് സ്റ്റേഷൻ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. അടിവാരത്ത് ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യകത പ്രിയപ്പെട്ട സി. കെ. കാസിം ഇവിടെ സൂചിപ്പിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അത് പരിശോധിച്ച് മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലിസ്റ്റ്

തയ്യാറാക്കുന്നുണ്ട്. അതിലുൾപ്പെടുത്തി വൈകാതെ അത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ കാണുന്നതിന് വൈദ്യുതി വിതരണം

ശ്രീ. ടോണി ചമ്മണി: സർ, ഫിഫ വേൾഡ് കപ്പ് വളരെ ആവേശകരമായൊരു ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. നോക്ക് ഔട്ട് റൗണ്ടിലേക്ക് മത്സരങ്ങൾ കടന്നിരിക്കുകയാണ്. ലോകം മുഴുവനും ഒരു കാൽപ്പന്തിലേക്ക് ചുരുങ്ങുന്നു എന്നൊക്കെയാണ് വിശേഷണം. കേരളത്തിന്റെ ഫുട്ബോൾ ആവേശം ലോക പ്രസിദ്ധമാണ്. മലപ്പുറം ജില്ലയിലെ മുണ്ട എന്ന ഗ്രാമത്തിലെ ഫുട്ബോൾ വിശേഷങ്ങൾ ദേശീയ അന്തർദേശീയ മാധ്യമങ്ങളിൽ വരെ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കേരളത്തിൽ ഇനിയുള്ള ഫുട്ബോൾ മത്സരങ്ങൾ വൈദ്യുതി തടസ്സമില്ലാതെ ടെലിവിഷനിലൂടെ കാണുന്നതിനാവശ്യമായ തയ്യാറെടുപ്പ് കെ.എസ്.ഇ.ബി.-ക്കുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ?

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സംസ്ഥാനത്ത് ജൂൺ മാസത്തിൽ ലഭിക്കേണ്ട കാലവർഷത്തിൽ ഗണ്യമായ കുറവുണ്ടായതുമൂലം സംഭരണികളിൽ നിലവിൽ സംഭരണശേഷിയുടെ 21.31 ശതമാനം മാത്രമാണ് വെള്ളമുള്ളത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സംഭരണികളിലെ ജലനിരപ്പ് 60 ശതമാനമായിരുന്നു. എൽനിനോ പ്രതിഭാസം നിലനിൽക്കുന്നത് കാരണം അന്തരീക്ഷ താപനില ഉയർന്നതും വൈദ്യുതിയുടെ ഉപഭോഗം വർധിക്കാൻ കാരണമായി. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജൂൺ മാസത്തിലെ പീക്ക് സമയത്തെ ഉപഭോഗത്തിൽ ഏകദേശം 900 മെഗാവാട്ടിന്റെ  വർധനവുണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പീക്ക് സമയത്തെ നിയന്ത്രണങ്ങൾ ചില ദിവസങ്ങളിൽ മാത്രം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായി. കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നല്ല വേനൽ സമയത്തും ജൂൺ മാസത്തോടെ മഴ ലഭിക്കുമെന്ന പ്രതീക്ഷയിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി സ്വാപ് (power swap) എന്ന നിലയിൽ കടം വാങ്ങിയ  വൈദ്യുതി എല്ലാ ദിവസവും രാത്രി സമയങ്ങളിൽ തിരികെ കൊടുക്കണം.  ഇത്തരം വിഷയങ്ങൾ നിലവിലുണ്ട്. നിലവിൽ പീക്ക് ലോഡ് സമയത്ത്, പ്രത്യേകിച്ചും  സംസ്ഥാനത്തെ ജനങ്ങൾക്ക് ഫിഫ ലോക കപ്പ്

മത്സരങ്ങൾ കാണുന്നതിനായുള്ള സമയങ്ങളിൽ വൈദ്യുതി നിയന്ത്രണം പരമാവധി ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടുതൽ വൈദ്യുതി കൂടുതൽ പണം നൽകി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി റെഗുലേറ്ററി കമ്മീഷന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. പകൽ സമയത്ത് മാത്രം ലഭ്യമാകുന്ന സോളാർ വൈദ്യുതി രാത്രി സമയത്തുകൂടി സ്റ്റോർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക പരമാവധി പരിഹരിക്കുന്നതിന് ശ്രമിക്കും.

<u>വേമ്പനാട് കായലിലെ അശാസ്ത്രീയമായ മണലെടുപ്പ്</u>

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിലെ ഏറ്റവും വലിയ കായലും ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ തടാകവുമായ വേമ്പനാട് കായലിൽ മണൽ ഖനനം വലിയ പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. റാംസാർ ഉടമ്പടി അനുസരിച്ച് അന്താരാഷ്ട്ര പ്രാധാന്യമുള്ള നമ്മുടെ കായലിന് 85 ശതമാനത്തോളം സംഭരണശേഷി കുറഞ്ഞുവെന്നാണ് ഫിഷറീസ് സർവകലാശാലയുടെ പഠന റിപ്പോർട്ടിൽ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അവിടെനിന്നും മണൽ എടുക്കുന്നതിനുള്ള അനുമതി നൽകിയത്. എന്നാലിപ്പോൾ നാഷണൽ ഹൈവേയുടെ കരാർ കമ്പനി ചേർത്തല താലൂക്കിലെ തണ്ണീർമുക്കം പഞ്ചായത്തിന്റെ കണ്ണങ്കര ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലമായ അരൂരിലെ പ്രദേശങ്ങളിലുൾപ്പെടെ മണൽ ഖനനം ചെയ്യുന്നതിൽ ശാസ്ത്രീയമായ നടപടികൾ പാലിക്കാത്തതിനാൽ വലിയ പ്രതിസന്ധികളുണ്ടാക്കിയിട്ടുണ്ട്. ജലവിഭവ വകുപ്പ് ചെളി മാറ്റാൻ പലതവണ നിർദേശം നൽകിയിട്ടും മാറ്റുന്നില്ലെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡി.ഡി.സി. (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി)-യുടെ യോഗത്തിൽ പറഞ്ഞിരിക്കുന്നത്. കായലിൽനിന്ന് നീക്കം ചെയ്യുന്ന മണലിലെ മാലിന്യങ്ങൾ കരാർ കമ്പനി കായലിലേക്കുതന്നെ ഒഴുക്കിവിട്ടിരിക്കുന്നത് കായൽ തീരത്ത് വലിയ തോതിൽ മാലിന്യങ്ങൾ അടിയുന്നതിന് കാരണമാകുകയും മത്സ്യത്തൊഴിലാളികളും കക്കവാരൽത്തൊഴിലാളികളും അങ്ങേയറ്റം പ്രതിസന്ധിയിലായിരിക്കുകയുമാണ്. ഇക്കാര്യത്തിൽ ഹൈഡ്രോ

ജിയോളജിക്കൽ സർവെ അനിവാര്യമാണെന്ന ആവശ്യം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തരമായും ഇടപെടുകയും ജനപ്രതിനിധികളുൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി അശാസ്ത്രീയമായ മണൽ ഖനനം ഒഴിവാക്കി തീരദേശ ജനതയും മത്സ്യത്തൊഴിലാളികളും കക്കവാരൽത്തൊഴിലാളികളും നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകുമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗവും മുൻ മന്ത്രിയുമായ ശ്രീ. പി. പ്രസാദ് ഉന്നയിച്ച പ്രശ്നം സർക്കാർ പരിശോധിക്കുകയുണ്ടായി. 2025-ലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് ദേശീയപാത വികസനത്തിനായി തിരഞ്ഞെടുത്ത വേമ്പനാട് കായൽ ഉൾപ്പെടെയുള്ള പതിനൊന്ന് ജലാശയങ്ങളിൽ ഡ്രഡ്ജിങ് നടത്താനും ഡ്രജ് ചെയ്ത വസ്തുക്കൾ ദേശീയപാത അതോറിറ്റിയുടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ പ്രവൃത്തികൾക്ക് ഉപയോഗിക്കാനുമുള്ള അനുവാദം സർക്കാർ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങുകൂടി മന്ത്രിയായിരുന്ന മന്ത്രിസഭയുടെ കാലഘട്ടത്തിലെടുത്ത ഈ തീരുമാനത്തിന്റെ ഭാഗമായി കുട്ടനാട് പാക്കേജിന്റെ കീഴിൽ വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗങ്ങളിൽ ഡ്രജ് ചെയ്തെടുക്കുന്ന സോയിൽ ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിച്ചുവരികയാണ്. മണ്ണെടുക്കുന്നതിന് അനുവദിച്ച അളവ് കഴിഞ്ഞ് വീണ്ടും അത് തുടരുന്നുവെന്ന അശാസ്ത്രീയമായ പ്രശ്നം ഗൗരവമായി പരിശോധിക്കാം. ഇതുസംബന്ധിച്ച ഉന്നതതലയോഗം വിളിക്കാൻ സർക്കാർ തയ്യാറാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ്*. ഉന്നതല യോഗം വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിനുശേഷം ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നതായിരിക്കും.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

*01-07-2026*
*Submission*

കഴക്കൂട്ടത്ത് ജലലഭ്യത ഉറപ്പുവരുത്തൽ

ശ്രീ. വി. മുരളീധരൻ: സർ, കഴക്കൂട്ടത്തെ രൂക്ഷമായ ജലക്ഷാമത്തിന്റെ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് പ്രസ്തുത സബ്മിഷനിലൂടെ ആഗ്രഹിക്കുന്നത്. പ്രാഥമികമായ വിലയിരുത്തൽ നടത്തിയപ്പോൾ അവിടെ ആവശ്യമായിട്ടുള്ള വെള്ളത്തിന്റെ 35-40 ശതമാനം ഷോർട്ടേജുണ്ട്. 60-65 ശതമാനം വെള്ളമേ ലഭ്യമാകുന്നുള്ളൂ. മാത്രമല്ല, 'അമൃത് പദ്ധതി' പ്രകാരമുള്ള പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള പദ്ധതി ഏതാണ്ട് രണ്ടുവർഷമായി പൂർത്തിയാകാതിരിക്കുകയാണ്. അതിൽ 60 ശതമാനം പൈപ്പ് മാത്രമേ ഇതുവരെ ഇടാൻ സാധിച്ചിട്ടുള്ളൂവെന്നാണ് അറിയാനിടയായത്. ചന്തവിള, കാട്ടായിക്കോണം പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് 30 കിലോമീറ്റർ പൈപ്പിടേണ്ടതുണ്ട്. അതിനുവേണ്ടി പന്ത്രണ്ടോളം റോഡുകളിൽ കുഴിയെടുക്കണം. 2025 മുതൽ റോഡ് മുറിക്കാനുള്ള അനുമതിക്കായി കാത്തിരിക്കുന്നുവെന്നാണ് പറയുന്നത്. ഇന്നത്തെ പത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വാർത്തയാണ് 'നട്ടംതിരിഞ്ഞ് നാലാഞ്ചിറ'.

മി. സ്പീക്കർ: ശ്രീ. വി. മുരളീധരൻ, നമ്മളിന്നൊരു പൊതുസമവായത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. നാൽപ്പതോളം സബ്മിഷനുകളുണ്ട്. മന്ത്രിക്ക് പറയാനുള്ള മറുപടിയുണ്ടെങ്കിൽ ഒരു മിനിറ്റുകൊണ്ട് പറയുക. അല്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കുക.

ശ്രീ. വി. മുരളീധരൻ: സർ, 85000 പേർ ജോലി ചെയ്യുന്ന ടെക്നോപാർക്കിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. അവിടെയുള്ള കമ്പനികൾ നാളെയൊരു കാലത്ത് ഇവിടം വിട്ടുപോകുന്നൊരു സ്ഥിതിവിശേഷമുണ്ടാകും. കാരണം ഓപ്പറേറ്റിങ് കോസ്റ്റ് കൂടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം എന്റെ വീട്ടിൽ വെള്ളമില്ലായിരുന്നു. ഒരു പ്രൈവറ്റ് ടാങ്കർ വിളിച്ചാണ് വെള്ളത്തിന്റെ പ്രശ്നം പരിഹരിച്ചത്. ഇതാണ് അവിടത്തെ പൊതുസ്ഥിതി. ആ സ്ഥിതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതുമാത്രമല്ല, പൈപ്പിടുന്നതിനായെടുത്ത കുഴി ഏഴെട്ടുമാസം കഴിഞ്ഞിട്ടും അടയ്ക്കുന്നില്ല. ശ്രീകാര്യം, ഉള്ളൂർ മുതൽ കാര്യവട്ടം വരെയുള്ള റോഡുകൾ മുഴുവൻ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. അരുവിക്കരയിൽ പുതിയ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുകയും അതോടൊപ്പം പേപ്പാറ

*01-07-2026*
*Submission*

ഡാമിന്റെ സംഭരണശേഷി വർധിപ്പിക്കുകയും ചെയ്യുക. ഇത് രണ്ടുമില്ലാതെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയാകർഷിക്കുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, അരുവിക്കര ജലശുദ്ധീകരണ ശാലയിൽനിന്നുള്ള ജലം പേരൂർക്കടയിലെത്തിച്ചാണ് കഴക്കൂട്ടം മേഖലയിലേയ്ക്കാവശ്യമായ ജലം ഇപ്പോൾ എത്തിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. അവിടെ നടത്തിയ പരിശോധനയിൽ തൃപ്തികരമായ ജലവിതരണം  നടത്താൻ കഴിയുന്നില്ലെന്നുള്ളതുതന്നെയാണ് റിപ്പോർട്ടിലും കാണാൻ സാധിച്ചിട്ടുള്ളത്.  പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക എന്നുള്ള പ്രൊപ്പോസലാണ് ഇപ്പോൾ വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്നത്. അക്കാര്യത്തിൽ വലിയ കാലതാമസമുണ്ടായിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ തീർച്ചയായും സർക്കാർതലത്തിൽ നടത്തുന്നതാണ്. അതോടൊപ്പം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ വാൽവ് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടാണ് ജലവിതരണം കുറെയെങ്കിലും നടത്താൻ ശ്രമിക്കുന്നത്. തൃപ്തികരമായ ജലവിതരണം നടത്താൻ സാധിക്കണമെങ്കിൽ അങ്ങ് ചൂണ്ടിക്കാണിച്ച പുതിയ പദ്ധതികൾകൂടി പൂർത്തിയാക്കണം. അമൃത്-2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ടുകൂടി ഇവിടെ നടക്കുകയാണ്. അഡീഷണലായി വേണ്ട കാര്യങ്ങളെക്കുറിച്ച് പ്രത്യേകം പരിശോധിക്കാം. അതിന്റെയടിസ്ഥാനത്തിൽ ഭാവിയിൽ കഴക്കൂട്ടം മേഖലയിൽ തൃപ്തികരമായ ജലവിതരണം നടത്താൻ  കഴിയുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതാണ്.

## കൊച്ചി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. മുഹമ്മദ് ഷിയാസ്:  സർ, കൊച്ചി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. പശ്ചിമ കൊച്ചിയിൽ, പ്രത്യേകിച്ചും കരുവേലിപ്പടി, പള്ളുരുത്തി, തോപ്പുംപടി പ്രദേശത്ത് 50 mld (Million Litres per Day) വെള്ളമാണ് ഒരു ദിവസം ആവശ്യമായിവരുന്നത്. 35 mld വെള്ളമാണ് ആകെ ലഭിക്കുന്നത്. പതിനഞ്ച് ശതമാനമാണ് കുറവുള്ളത്. കുമ്പളങ്ങി പഞ്ചായത്തിൽ ലഭിക്കേണ്ടത് 9 mld  വെള്ളമാണ്. അവിടെ

*01-07-2026*
*Submission*

ലഭിക്കുന്നത് 5 mld വെള്ളമാണ്. നാല് mld വെള്ളം ലഭിക്കുന്നില്ല. ചെല്ലാനം പഞ്ചായത്തിൽ 10 mld വെള്ളമാണ് ആവശ്യം. അവിടെ ലഭിക്കുന്നത് ആകെ 6 mld വെള്ളമാണ്. ഇത്രയും വെള്ളം ലഭിച്ചാൽത്തന്നെ പഴയ പൈപ്പുകളായതിനാൽ ജലവിതരണത്തിൽ 40 ശതമാനം നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ വൈദ്യുതി തടസ്സമുണ്ട്. ഇത് പമ്പ് ചെയ്യുന്ന പാഴൂരും മരടിലും ആലുവയിലുമൊക്കെ വൈദ്യുതി മുടങ്ങിയാൽ അവിടെനിന്നും വെള്ളം വരുകയില്ല. Tail end-ലൊക്കെ വരുമ്പോൾ ഈ പറയുന്ന ദിവസങ്ങളിൽപ്പോലും വെള്ളം ലഭിക്കാത്ത അവസ്ഥയാണ്. അതുപോലെ ജലചൂഷണവുമുണ്ട്. മോട്ടോർ ഘടിപ്പിച്ച് ഈ പൈപ്പുകളിൽനിന്ന് നേരിട്ട് വെള്ളം അടിച്ചെടുക്കുന്നുമുണ്ട്. ഏറ്റവും അവസാനം വരുന്ന പ്രദേശങ്ങളിലൊന്നും വെള്ളം കിട്ടാത്ത അവസ്ഥയാണ്. ഒരാഴ്ചയിൽ 2000 രൂപ കൊടുത്ത് മൂന്നുംനാലും ടാങ്കർ വെള്ളം വീടുകളിലേയ്ക്ക് എത്തിക്കേണ്ട അവസ്ഥയാണ്. ജാറുകളിലെ കുടിക്കാനുള്ള വെള്ളം വേറെയും വാങ്ങിക്കണം. എത്ര ദുരവസ്ഥയാണ്; ഇതിനൊരു മാറ്റം വരണ്ടേ; സ്വാതന്ത്ര്യം ലഭിച്ചിട്ട് വർഷങ്ങളായി, കൊച്ചി പോലെയുള്ള മണ്ഡലത്തിൽ ഇപ്പോഴും വെള്ളം കിട്ടാതെ ജനങ്ങൾ ദുരിതപൂർണ്ണമായ സാഹചര്യത്തിലാണ്. പത്തും പതിനഞ്ചും വർഷമായി പദ്ധതികൾ കൊണ്ടുവരുന്നുണ്ട്, പദ്ധതികളൊന്നും നടപ്പാക്കാതെ മാറ്റിവയ്ക്കുകയാണ്. പത്തുവർഷക്കാലത്തിനിടയ്ക്ക് ഒരു തുള്ളി വെള്ളംപോലും കൂടുതൽ നൽകിയിട്ടില്ല. ഇപ്പോൾ കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പദ്ധതിയുണ്ട്. അത് നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കണം. എം.ജി. റോഡിൽനിന്ന് പൈപ്പ് മാറ്റിയിടാനുള്ള ഒരു പദ്ധതിയുണ്ട്. അതും നടപ്പാക്കിയിട്ടില്ല. കുമ്പളങ്ങി പ്രദേശത്തേയ്ക്ക് പൈപ്പ് മാറ്റിയിടാനുള്ള പദ്ധതിയുണ്ട്. അതുപോലെ ചെല്ലാനത്തേയ്ക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അതിന്റെ എസ്റ്റിമേറ്റും കാര്യങ്ങളുമെല്ലാം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന് ഭരണാനുമതി ഒരു സ്ഥലത്തും ലഭിച്ചിട്ടില്ല. അതുപോലെ ആലുവയിൽനിന്ന് 190 mld പുതിയ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഉടനെ ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കണം. മരട് പ്ലാന്റിന്റെ ശേഷി വർധിപ്പിക്കണം. 'അമൃത്2.0' പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ട പദ്ധതികളുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ അതിന്റെ സ്പെഷ്യൽ മീറ്റിങ്ങുകൂടി

വിളിച്ചുചേർക്കുകയാണ്. ഈ പ്രവർത്തനങ്ങളൊക്കെ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു കൊല്ലം കൊണ്ടോ രണ്ട് കൊല്ലം കൊണ്ടോ തീർക്കേണ്ട പദ്ധതി 20 കൊല്ലം കൊണ്ട് തീർത്താൽ ഒരു കോടി രൂപയ്ക്ക് തീരേണ്ടത് പിന്നീട് തീരുന്നത് 200 കോടി രൂപയ്ക്കാണ്. ഈ സർക്കാരിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി മന്ത്രിമാരും ഉദ്യോഗസ്ഥരും ഇത് നടപ്പാക്കാൻ ശ്രമിച്ചില്ലെങ്കിൽ ഇത് പഴയപടി തന്നെയായിരിക്കും ആവർത്തിക്കാൻ പോകുക. അതുകൊണ്ട് ഇത് സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, കൊച്ചി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട് ആവശ്യത്തിനുള്ള വെള്ളം നൽകാൻ കഴിയുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. പശ്ചിമ കൊച്ചിയിൽ 50 mld വെള്ളം ആവശ്യമുള്ളിടത്ത് 36 mld-യാണ് കൊടുക്കാൻ കഴിയുന്നത്. ചെല്ലാനത്ത് 10 mld വെള്ളം ആവശ്യമുള്ളിടത്ത് 3.5 mld മാത്രമേ നൽകാൻ സാധിക്കുന്നുള്ളൂ. കുമ്പളങ്ങി ഭാഗത്ത് 9 mld വെള്ളം ആവശ്യമുള്ളിടത്ത് 3.5 mld മാത്രമേ നൽകാൻ സാധിക്കുന്നുള്ളൂ. അതിരൂക്ഷമായ ജലക്ഷാമത്താൽ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. അതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതും അദ്ദേഹം ചൂണ്ടിക്കാണിച്ച ഗൗരവമുള്ള പ്രശ്നംതന്നെയാണ്. ഇതിൽ ADB സഹായത്തോടുകൂടി 190 mld പുതിയ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയാണ് പരിഹാരമാർഗമായി വച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. തീർച്ചയായും ഇന്നലെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ കൊച്ചിയുമായി ബന്ധപ്പെട്ടുള്ള കുടിവെള്ള പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട എല്ലാ എം.എൽ.എ.-മാരുടെയും സാന്നിധ്യത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്ത് നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ശ്രീ. മുഹമ്മദ് ഷിയാസ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ പ്രത്യേകമായി സർക്കാർ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

*01-07-2026*
*Submission*

മാവേലിക്കരയിലെ ശുദ്ധജലക്ഷാമം

ശ്രീ. എം. എസ്. അരുൺകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ നൂറനാട്, താമരക്കുളം, പാലമേൽ, ചുനക്കര പഞ്ചായത്തുകളിൽ കുടിവെള്ളം ലഭിക്കുന്നത് പാറ്റൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ്. അച്ചൻകോവിലാറ്റിൽ നിന്നാണ് പാറ്റൂർ കുടിവെള്ള പദ്ധതിയിലേയ്ക്കുള്ള ലൈൻ കണക്റ്റ് ചെയ്തിരിക്കുന്നത്. നിലവിൽ പഴയ പമ്പ് ഹൗസിൽ നിന്ന് വെള്ളം ശേഖരിച്ച് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പുതിയ പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് 4.86 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലുള്ളതാണ് ജലജീവൻ മിഷൻ പദ്ധതി. ഇതിലേയ്ക്ക് 16-08-2024-മുതൽ Letter of Acceptance (LOA) നൽകാൻ സാധിക്കുന്നില്ല. വള്ളികുന്നം പഞ്ചായത്തിലെ ടാങ്ക്, തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് ജലസംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ കൊണ്ടുപോകാൻ സാധിക്കില്ലെന്നൊരു പ്രശ്നം ഇവിടെ നേരത്തെയുണ്ടായിരുന്നു. പ്രസ്തുത പ്രശ്നം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ഇടപെട്ട് പരിഹരിച്ചു. എന്നാൽ LOA നൽകാത്തതിനാൽ അവിടെനിന്നും വെള്ളം നൽകാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. തഴക്കര പഞ്ചായത്തിൽ 11 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലമില്ലാതിരുന്നപ്പോൾ കൃഷി വകുപ്പിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലം ലഭിച്ചെങ്കിലും LOA ലഭിക്കുന്നില്ലെന്ന ഒറ്റ കാരണത്താൽ മറ്റ് പ്രവർത്തനങ്ങൾ അവിടെയും നടത്തിയിട്ടില്ല. മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുമുണ്ട്. അമൃത് (AMRUT 2.0) പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും പ്രയാസം നേരിടുന്നു. ഈ പഞ്ചായത്തുകളെല്ലാം പ്രത്യേകമായ ചെറുകിട കുടിവെള്ള പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അങ്ങുതന്നെ ഇക്കാര്യത്തിൽ നേരിട്ട് ഇടപെട്ട് ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പ്രവൃത്തി നടത്തിപ്പിന് അനുമതി ലഭിക്കുന്നില്ലെന്ന പരാതികളാണ് നിത്യേനയുണ്ടാകുന്നത്. ടെണ്ടർപോലും കഴിഞ്ഞ പല പ്രവൃത്തികളുണ്ട്. അടുത്ത വേനൽക്കാലത്തിനുമുമ്പ് കുടിവെള്ളം

ലഭ്യമാക്കുന്നതിനാവശ്യമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എസ്. അരുൺകുമാർ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിൽ, പദ്ധതികൾ നിരവധിയാണെങ്കിലും ഇതുവരെയും അവകൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ലെന്നുള്ളതാണ് ഇക്കാര്യം സംബന്ധിച്ച് നടത്തിയ പരിശോധനയിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. 16-08-2024-നുശേഷം പുതിയ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം, Letter of Acceptance (LOA) വന്നതിനെത്തുടർന്ന് പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയുണ്ടായി. ഇതുമൂലം അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച നൂറനാട്-ചുനക്കര-പാലമേൽ-താമരക്കുളം പദ്ധതിയും മാന്നാർ-ചെന്നിത്തല-ഭരണിക്കാവ്-വള്ളികുന്നം-കൃഷ്ണപുരം-തെക്കേക്കര പദ്ധതിയും അതുപോലെ മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടിക്കുളങ്ങര പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതിയും തുടങ്ങി നിരവധി പദ്ധതികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റ് തീർച്ചയായും നടത്തുന്നതാണ്. ഇക്കാര്യങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ച് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിക്കപ്പെട്ടിരിക്കുന്ന പദ്ധതികളിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് തുടർന്ന് നടപ്പാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമെന്ന് അറിയിക്കുന്നു.

ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി 1977 മുതൽ നിരവധി ഘട്ടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടി ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമികളിൽ ചിലത് ഉപയോഗിക്കാതെ ഇപ്പോഴും കാടുപിടിച്ച് കിടക്കുകയാണ്. പദ്ധതികൾ പ്രഖ്യാപിക്കാതെയുള്ള അക്വിസിഷൻ നടപടികൾ ഗുരുവായൂർ നിവാസികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന ഘട്ടത്തിലാണ് 2011 നവംബർ 24-ന് നടപടികളെല്ലാം പിൻവലിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

*01-07-2026*
*Submission*

ഈ ഉത്തരവിൽപ്പെട്ട സ്ഥലങ്ങളാണ് പദ്ധതികൾ പ്രഖ്യാപിക്കാതെ വീണ്ടും അക്വിസിഷൻ നടത്തുന്നതിന് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ അഭാവത്തിലുള്ള ഇത്തരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ഗുരുവായൂരിലെ ക്ഷേത്ര പാരമ്പര്യ പ്രവൃത്തികൾ ചെയ്യുന്ന കുടുംബങ്ങളെയും ഗുരുവായൂർ ക്ഷേത്ര പരിസരത്തുള്ള തദ്ദേശീയരെയും പതിറ്റാണ്ടുകളായി വ്യാപാരം ചെയ്യുന്നവരെയും ലോഡ്ജ് ഉടമകളെയും ക്ഷേത്ര പരിസരത്തുനിന്ന് തുടച്ചുമാറ്റുന്ന സ്ഥിതിയാണ് സംജാതമാക്കിയിരിക്കുന്നത്. ദീർഘവീക്ഷണത്തോടെയുള്ള വികസനം മുന്നിൽ കണ്ടുകൊണ്ട് സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ശാസ്ത്രീയമായ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കേണ്ടത് ഗുരുവായൂരിൽ അനിവാര്യമാണ്. ഈ മാസ്റ്റർ പ്ലാനുള്ള പദ്ധതികൾക്ക് നിലവിലുള്ള ഭൂമി അപര്യാപ്തമാണെങ്കിൽ മാത്രമേ 75 മീറ്റർ അക്വിസിഷൻ നടപടികൾ സ്വീകരിക്കാവൂ എന്നതാണ് ഈ സബ്മിഷനിലൂടെയുള്ള എന്റെ ആവശ്യം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾക്ക് വളരെ വിശദമായൊരു മറുപടിയാണ് നൽകാനുള്ളത്.

<u>മി. സ്പീക്കർ</u>: മറുപടി അങ്ങ് ടേബിൾ ചെയ്താൽ മതിയാകും.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ മറുപടി ടേബിൾ ചെയ്യാം. അതിലെ പ്രധാനപ്പെട്ടൊരു കാര്യം, കഴിഞ്ഞ മാസം 15-ാം തീയതി നടന്ന ഗുരുവായൂർ ദേവസ്വത്തിന്റെ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. 16.5 ഏക്കർ സ്ഥലം ഉൾപ്പെടുത്തിയാണ് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അതിനായി ഇനിയും ലാൻഡ് അക്വിസിഷൻ ആവശ്യമാണ്. കഴിഞ്ഞ യോഗത്തിൽ അക്വിസിഷൻ നടപടികൾ 9 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകിയിരുന്നു. അതനുസരിച്ച് ഗുരുവായൂരിലെ പാഞ്ചജന്യത്തിൽ അക്വിസിഷന്റെ ഓഫീസ് ആരംഭിച്ചിട്ടുമുണ്ട്. അക്വിസിഷനുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം ഉണ്ടാക്കുകയെന്നതാണ് പ്രസ്തുത ഓഫീസുകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ ക്ഷേത്രത്തിൽ വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ഗോശാലയിൽ പശുക്കൾക്കായി നാല് ടെംപററി ഷെഡ്ഡുകളും മൂന്ന് പെർമനന്റ് ഷെഡ്ഡുകളും പണിയാനുള്ള നിർദേശം

നൽകിയിട്ടുണ്ട്. പ്രസ്തുത ഗോശാല ഞാൻ ആദ്യമായാണ് സന്ദർശിച്ചത്. അവിടെ ആകെ 1300 പശുക്കളുള്ളതിൽ 28 പശുക്കളിൽ നിന്നുമാത്രമാണ് പാൽ ലഭിക്കുന്നത്. അവിടത്തെ പശുക്കൾ 'സഞ്ചരിക്കുന്ന അസ്ഥികൂടങ്ങളായി' മാറിയിരിക്കുകയാണ്. അതിനാൽ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് അവിടം നവീകരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അടുത്ത യോഗം മുതൽ ബഹുമാനപ്പെട്ട എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

<u>ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ</u>

<u>ശ്രീ. റോയി കെ. പൗലോസ്</u>: സർ, ഇടുക്കി മെഡിക്കൽ കോളേജ് 2014-ൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. നിലവിൽ നാല് ബാച്ചുകളിലായി 400 കുട്ടികളാണിവിടെയുള്ളത്. അഞ്ചാമത്തെ ബാച്ച് ആഗസ്റ്റിൽ ആരംഭിക്കും. പ്രവർത്തനമാരംഭിച്ച് 12 വർഷങ്ങൾ കഴിഞ്ഞിട്ടും അവിടെ അടിസ്ഥാന സൗകര്യക്കുറവ് നേരിടുകയാണ്. പ്രസ്തുത മെഡിക്കൽ കോളേജിന്റെ ബാലാരിഷ്ടതകൾ ഇതുവരെയും മാറിയിട്ടില്ല. 2024-ൽ Administrative Sanction (AS)-ഉം Technical Sanction (TS)-ഉം നൽകിയ 16.2 കോടി രൂപയുടെ പ്രവർത്തനങ്ങൾ ഇപ്പോഴും ആരംഭിക്കാൻ സാധിച്ചിട്ടില്ല. അവിടെ dual administration, അതായത് Director of Medical Education (DME)-ന്റെയും Director of Health Service (DHS)-ന്റെയും മാനേജ്മെന്റിലാണ് അവിടത്തെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇവിടത്തെ കാത്ത് ലാബ് പ്രവർത്തിക്കുന്നില്ല, സ്വീവേജ്-ലീക്കേജ് സൗകര്യമില്ല, ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റില്ല, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പെർമിറ്റില്ല, അക്കാദമിക് ബ്ലോക്കുകളുടെ പണി പൂർത്തിയായിട്ടില്ല, കോമ്പൗണ്ട് വാളില്ല, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റില്ല, ഓഡിറ്റോറിയം, ലക്ചർ ഹാൾ, പ്ലേ ഗ്രൗണ്ട് എന്നിവയില്ല. കോളേജിലെ 400 കുട്ടികൾക്കായി ഒരു ബസാണുള്ളത്. ഡോക്ടർ - 34, എച്ച്.ഒ.ഡി.-5 ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., അനസ്തേഷ്യോളജിസ്റ്റ്, ഒ.ബി-ജിൻ (OB-GYN), പീഡിയാട്രീഷ്യൻ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതുപോലെയൊരു മെഡിക്കൽ കോളേജ് 12 വർഷം കഴിഞ്ഞിട്ടും നിലനിൽക്കുകയാണ്. ഞങ്ങളെ സഹായിക്കണം. കോട്ടയം മെഡിക്കൽ കോളേജിൽ രോഗികളെ അഡ്മിറ്റ് ചെയ്യുമ്പോൾ

*01-07-2026*
*Submission*

ഞങ്ങൾക്ക് പലപ്പോഴും അങ്ങയുടെ സഹായമാണ് ലഭിക്കുന്നത്. അതുകൊണ്ട് ഈ ഗുരുതരമായ സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ അടിയന്തരമായി ഗവൺമെന്റിന്റെ പിന്തുണയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, പ്രസ്തുത മെഡിക്കൽ കോളേജിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഹോസ്പിറ്റൽ ബ്ലോക്കിന്റെ പ്രവർത്തനം സജ്ജമാകുന്നതോടുകൂടി ആവശ്യത്തിന് ഐ.സി.യു. സംവിധാനങ്ങളൊരുക്കുന്നതിന് കഴിയുന്നതാണ്. ഇടുക്കി നേഴ്സിങ് കോളേജ് നിലവിൽ ഈ മെഡിക്കൽ കോളേജിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. അവിടെയുള്ള കുട്ടികളുടെ ഹോസ്റ്റൽ സൗകര്യം സംബന്ധിച്ചും പ്രശ്നങ്ങളുണ്ട്. അതിന് താൽക്കാലിക പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന് അനുവദിച്ച ഭൂമിയിൽ നിന്ന് 3 ഏക്കർ ഭൂമി നേഴ്സിങ് കോളേജിനായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട മറ്റ് നിരവധി വിഷയങ്ങൾ ഇനിയുമുണ്ട്. എച്ച്.ഒ.ഡി. പോസ്റ്റുകൾ ഉൾപ്പെടെ അടിയന്തരമായി ആവശ്യമുള്ള പോസ്റ്റുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇടുക്കിയിലും കാസർഗോഡും ആരെ നിയമിച്ചാലും അവിടെനിന്ന് എത്രയും പെട്ടെന്ന് മാറിപ്പോകാനാണ് പലരും ശ്രമിക്കുന്നത്. ഇടുക്കിക്ക് പുറത്തുള്ള പല ജനപ്രതിനിധികളും അവരുടെ നാട്ടിലേക്ക് ഇടുക്കിയിൽ നിന്ന് ആശുപത്രി സേവനമനുഷ്ഠിക്കുന്നവരെ കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ട്. എന്നാലും പരമാവധി വേഗത്തിൽത്തന്നെ മെഡിക്കൽ കോളേജിന്റെ പൂർത്തീകരണത്തിനുവേണ്ടി ശ്രമിക്കുന്നതാണ്.

<u>ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കൽ</u>

ശ്രീ. നീലകണ്ഠൻ: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരന്തബാധിതർ ഏറ്റവുമധികം ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക അനുവദിക്കാത്തതുമൂലം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകൾ അനേകം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. കാസർഗോഡ് ജില്ലാശുപത്രിയിൽ മാത്രമാണ് ഈ തസ്തിക നിലവിലുള്ളത്. ജില്ലയിലെ മുഴുവൻ ആളുകൾക്കും ഈ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ മാത്രം ആശ്രയിക്കേണ്ടി വരുന്നതിനാൽ ഉൾപ്രദേശങ്ങളിൽനിന്നും

*01-07-2026*
*Submission*

മലയോര മേഖലയിൽനിന്നും മന:ശാസ്ത്ര ചികിത്സയ്ക്ക് വരുന്നവർക്ക് പലപ്പോഴും നിരാശരായി മടങ്ങിപ്പോകേണ്ടി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെ നിരവധി ആളുകൾക്ക് മന:ശാസ്ത്ര പരിശോധനകൾ യഥാസമയം ലഭിക്കാത്തതുമൂലം ഭിന്നശേഷി സർട്ടിഫിക്കറ്റുകളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നു. ആത്മഹത്യകളും മാനസിക സംഘർഷങ്ങളും കൂടിവരുന്ന ഈ കാലഘട്ടത്തിൽ മനഃശാസ്ത്ര ചികിത്സ ലഭിക്കുന്നതിനും ഭിന്നശേഷി പരിശോധന നടത്തുന്നതിനും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജിലും താലൂക്ക് ആശുപത്രികളിലും സ്ഥിരാടിസ്ഥാനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക അടിയന്തരമായി സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാശുപത്രിയിലുമാണ് സൈക്യാട്രി വിഭാഗം പ്രവർത്തിക്കുന്നത്. കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ സ്ഥിരാടിസ്ഥാനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക നിലവിലുണ്ട്. കൂടാതെ ജില്ലാ ആശുപത്രിക്ക് പുറമേ എൻഡോസൾഫാൻ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ദുരിതബാധിത പ്രദേശങ്ങൾ ഉൾപ്പെടുന്ന 19 സർക്കാർ ആശുപത്രികളിൽ മനോരോഗാരോഗ്യ ചികിത്സ ലഭ്യമാണ്. മനോരോഗ ഔഷധ ചികിത്സ, മനഃശാസ്ത്ര ചികിത്സ, സാമൂഹിക പുനരധിവാസ ചികിത്സ എന്നിവയൊക്കെ ഇത്തരത്തിൽ 5 താലൂക്ക് ആശുപത്രികളിലും 7 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും 7 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, കൗൺസിലർമാർ എന്നിവരടങ്ങിയ ടീമിന്റെ ചികിത്സയും ഔഷധങ്ങളും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ നീലേശ്വരം താലൂക്കാശുപത്രിയിൽ 'വിമുക്തി' പദ്ധതിയുടെ ഭാഗമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരുടെ സേവനങ്ങളും ലഭ്യമാണ്. ഭിന്നശേഷി കുട്ടികൾക്കായുള്ള സേവനങ്ങൾ നടത്താനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ, രോഗികൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കാലതാമസം

കൂടാതെ സേവനം ലഭ്യമാക്കുന്നതിനായി കാസർഗോഡ് മെഡിക്കൽ കോളേജ്, കാഞ്ഞങ്ങാട് ജില്ലാശുപത്രി എന്നിവിടങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുകയാണ്.

മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കൽ

ശ്രീ. ഫൈസൽ ബാബു: സർ, സംസ്ഥാനത്ത് പോസ്റ്റ്മോർട്ടം നടപടി ക്രമങ്ങൾക്ക് പ്രത്യേകം നിയമം നിലവിലില്ല. ഇപ്പോൾ നമ്മൾ സി.ആർ.പി.സി. 174-ഉം, 176-ഉം കേരള മെഡിക്കോ ലീഗൽ കോഡുമാണ് പിന്തുടരുന്നത്. ഇതുപ്രകാരം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെയാണ് പോസ്റ്റ്മോർട്ടം നടത്താൻ കഴിയുന്നത്. ഇതൊരു നിർബന്ധിത സമയക്രമമാണ്. 2015-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കാനുള്ള ഉത്തരവുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയും ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. 2024-ൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ ഗൈഡൻസും പുറത്തിറങ്ങിയിട്ടുണ്ട്. 2021-ൽ കേന്ദ്ര സർക്കാരും രാത്രികാല പോസ്റ്റ്മോർട്ടം (നൈറ്റ് ഓട്ടോപ്സിക്) മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ നമ്മുടെ മുന്നിൽ വരുന്ന വളരെ മാനുഷികമായൊരു പ്രശ്നമാണിത്. വൈകുന്നേരം 4.00 മണിക്ക് സംഭവിക്കുന്ന അപകടത്തിൽപ്പെടുന്ന ആളുകളെ കൊണ്ടുവന്നു കഴിഞ്ഞാൽ സ്വാഭാവികമായിട്ടും അന്ന് പോസ്റ്റ്മോർട്ടം നടത്താൻ കഴിയില്ല. അടുത്ത ദിവസം രാവിലെ പത്ത് മണിവരെ ഈ മൃതദേഹം കാത്തുവയ്ക്കേണ്ടി വരികയാണ്. അതുകൊണ്ട് ഇത്രയും ഉത്തരവുകൾ നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ നൈറ്റ് ഷിഫ്റ്റിലേക്ക് പോയിക്കഴിഞ്ഞാൽ മൂന്നിരട്ടി സ്റ്റാഫ് വേണമെന്നതാണ് ഒരുപക്ഷേ, ഇതിന്റെ തടസ്സമായി നിൽക്കുന്നത്. എങ്കിൽ വൈകുന്നേരം അഞ്ച് മണിവരെ എന്നത് എട്ട് മണിയിലേക്ക് നീട്ടിക്കൊണ്ടുള്ള ഒരു സംവിധാനം കൊണ്ടുവരാൻ പറ്റുമോ എന്നുള്ളതാണ് നോക്കേണ്ടത്. ഡേ-ലൈറ്റിൽ ഇത് ചെയ്യണമെന്ന് പറയാനുള്ളൊരു കാരണം colour of blood-ഉം colour of injury-യും തിരിച്ചറിയാനാണ്. അത് പഴയകാലത്തുള്ളൊരു ചട്ടമാണ്. പക്ഷേ, പുതിയ കാലത്ത് സൂര്യപ്രകാശത്തെ വെല്ലുന്ന ആധുനിക വെളിച്ച സംവിധാനങ്ങളുണ്ടായതുകൊണ്ട്

*01-07-2026*
*Submission*

അത് ഉപയോഗപ്പെടുത്തി നമുക്കിതിനെ പരിഹരിക്കാൻ കഴിയും. virtual autopsy കൂടി നമുക്ക് ആലോചിക്കാം. ഒന്നര മണിക്കൂറാണ് ഇപ്പോൾ സമയമെടുക്കുന്നത്. അഞ്ച് മുതൽ മുപ്പത് മിനിട്ടിനുള്ളിൽ virtual autopsy നമുക്ക് പൂർത്തീകരിക്കാൻ കഴിയും. അതുകൊണ്ട് മരണപ്പെട്ട ദുഃഖത്തിന് പുറമെ പോസ്റ്റ്മോർട്ടം ടേബിളിൽ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മൃതദേഹം അനന്തമായി രാത്രിയിൽ കാത്ത് നിൽക്കുന്നൊരു സങ്കടത്തിന് അറുതി വരുത്താൻ കോഴിക്കോട് മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ? മരിച്ച മനുഷ്യനോടുള്ള അന്തസ്സ് ശവസംസ്കാരമെന്നാണ് നമ്മൾ മലയാളത്തിൽ പറയുക. അതുകൊണ്ട് മരിച്ച ആളോടുള്ള ആ സാംസ്കാരികമായ മര്യാദ പാലിക്കുന്നതിന്റെ കൂടി ഭാഗമാണിത്. അതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ കഴിയുമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, 26-10-2015-ലെ സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം ഒരു പൈലറ്റ് പ്രോജക്ട് ആയി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ആവശ്യമായ ജീവനക്കാരോ അടിസ്ഥാന സൗകര്യങ്ങളോ ഉറപ്പുവരുത്താതെ 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടപ്പിലാക്കുന്നതിന് ജീവനക്കാരെ നിർബന്ധിക്കരുതെന്ന് കേരള ഹൈക്കോടതിയുടെ judgement വന്നിരുന്നു. 16-12-2021-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ മേൽപ്പറഞ്ഞ 5 മെഡിക്കൽ കോളേജുകളിലും പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിച്ചുകൊണ്ടും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും 6 മാസത്തിനുള്ളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കണമെന്ന് ഉത്തരവായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് മുൻ ആരോഗ്യവകുപ്പുമന്ത്രി 09-07-2024-ൽ വിളിച്ചുചേർത്ത യോഗത്തിൽ ഒരു മാസത്തിനുള്ളിൽ ഒരു മിഷനായി ഏറ്റെടുത്ത് ആദ്യം തിരുവനന്തപുരം മെഡിക്കൽ കോളേജിലും തുടർന്ന് കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന്

ഡി.എം.ഇ.-യെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനായി ആവശ്യം വേണ്ടിവരുന്ന തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. കൂടാതെ മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്ന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും നിലവിലുള്ള ജീവനക്കാരെ പ്രയോജനപ്പെടുത്തി 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടപ്പാക്കാൻ കഴിയില്ലെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. തുടർന്ന് 27-08-2024-ലെ സർക്കാർ കത്ത് പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ ഡി.എം.ഇ.-ക്ക് നൽകുകയുണ്ടായി. ഇക്കാര്യം നന്നായി പരിശോധിക്കുന്നുണ്ട്. ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. പക്ഷേ, ജീവനക്കാരുടെ എണ്ണം വർധിപ്പിക്കണം, അതുപോലെ മോഡേണായിട്ടുള്ള എക്യുപ്മെന്റ്സ് അതിനായി വരുത്തുകയും വേണം. മുമ്പ് ഉണ്ടായിരുന്നൊരു ഉത്തരവെന്ന് പറയുന്നത് സൂര്യപ്രകാശം ഇല്ലാതായിക്കഴിഞ്ഞാൽ പോസ്റ്റ്മോർട്ടം നടത്താൻ പാടില്ല. അപ്പോൾ അതനുസരിച്ചുള്ള മോഡേൺ എക്യുപ്മെന്റ്സുകൾ വരുത്തണം, കൂടുതൽ സ്റ്റാഫിനെ ആവശ്യമാണ്. ഇതിനെല്ലാം കുറേ സാമ്പത്തിക ബാധ്യത വരും. ഏതായാലും സർക്കാർ ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

നെടുങ്കണ്ടം താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. സേനാപതി വേണു: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഉടുമ്പൻചോല അസംബ്ലി നിയോജകമണ്ഡലത്തിലെ ഉടുമ്പൻചോല താലൂക്കാശുപത്രി നെടുങ്കണ്ടത്ത് സ്ഥിതി ചെയ്യുന്ന താലൂക്കാശുപത്രിയാണ്. ഇതിന്റെ കെട്ടിടം പൊളിച്ചിട്ട് ആറ് വർഷം കഴിഞ്ഞിരിക്കുകയാണ്. കെട്ടിടങ്ങളുടെ നിർമ്മാണം ഇപ്പോഴും പാതിവഴിയിൽ നിൽക്കുകയാണ്. ആയിരക്കണക്കിന് രോഗികളാണ് പ്രതിദിനം ഈ ആശുപത്രിയിൽ എത്തുന്നത്. കാരണം, തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. ആലപ്പുഴ ജില്ലയെക്കാൾ വലുതാണ് ഉടുമ്പൻചോല അസംബ്ലി നിയോജകമണ്ഡലം. ഇത്രയും വിസ്തൃതമായ ഒരു

*01-07-2026*
*Submission*

നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രി പൊളിച്ചിട്ട് ആറ് വർഷത്തിലേറെ ആയിരിക്കുകയാണ്. ഇപ്പോൾ ആശുപത്രിയുടെ പ്രധാനപ്പെട്ട പല വിഭാഗങ്ങളും പ്രവർത്തനമില്ലാത്ത സ്ഥിതി വിശേഷമാണ്. ജനങ്ങൾ വീർപ്പ് മുട്ടുന്നു. അതോടൊപ്പം പോസ്റ്റ്മോർട്ടം നടത്താനുള്ള സൗകര്യമില്ലാത്തതുകൊണ്ട് കോട്ടയം മെഡിക്കൽ കോളേജിലേക്കോ അതല്ലെങ്കിൽ മറ്റേതെങ്കിലും ദൂരയുള്ള ആശുപത്രിയിലേക്കോ പോകേണ്ട സ്ഥിതി വിശേഷമാണ്. കിഫ്ബി ഏറ്റെടുത്ത് പണിയുന്ന കെട്ടിടം ഇപ്പോൾ 52-54 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇത് പൂർത്തീകരിക്കാത്തതുകൊണ്ട് അവിടത്തെ തൊഴിലാളികൾ, സാധാരണക്കാർ, ദൈനംദിനം ഈ ആശുപത്രിയിൽ എത്തുന്ന ആയിരക്കണക്കിന് രോഗികൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടായിരിക്കുകയാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടൽ ഉണ്ടാകണം. കെട്ടിടങ്ങളുടെ നിർമ്മാണം ഉടൻ പൂർത്തീകരിക്കണം. അതോടൊപ്പം ഒരു ഫോറൻസിക് സർജനെക്കൂടി പോസ്റ്റ് ചെയ്തുകൊണ്ട് അടിയന്തരമായി അവിടെ പോസ്റ്റ്മോർട്ടം നടത്താനുള്ള സാഹചര്യം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യത്തിൽ വളരെ സത്വരമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് അഭ്യർത്ഥന.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, നെടുങ്കണ്ടം താലൂക്കാശുപത്രി ജില്ലാശുപത്രിയായി ഉയർത്തുന്നതിന് എട്ട് നിലകൾ വീതമുള്ള ഒ.പി. വിഭാഗത്തിന് ഒരു കെട്ടിടവും അതുപോലെ കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു കെട്ടിടവും കിഫ്ബി ധനസഹായത്തോടെ 149 കോടി രൂപ വകയിരുത്തി HITES എന്നൊരു ഏജൻസിയെയാണ് നിയോഗിച്ചത്. 2019-ലാണ് ഇതിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചത്. ഈ പ്രവൃത്തിയുടെ ഭരണാനുമതിയും മറ്റും നൽകിയെങ്കിലും HITES എന്ന ഏജൻസി നിർമ്മാണ കാര്യത്തിൽ കുറേ വീഴ്ച വരുത്തിയതിന്റെ ഫലമായാണ് തുടർന്നുള്ള സംഭവ വികാസങ്ങളുണ്ടായത്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തിൽ എന്റെ ഓഫീസിൽ വന്ന് അദ്ദേഹത്തിന്റേതായിട്ടുള്ള പ്രൊപ്പോസലും മറ്റും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ പെട്ടെന്ന് ആരംഭിച്ച്

കെട്ടിടം പൂർത്തീകരിക്കാനും ആവശ്യത്തിനുള്ള സജീകരണങ്ങൾ അവിടെ ഒരുക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃരാരംഭിക്കൽ</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, നമ്മുടെ സർക്കാരിന്റെ ഇന്ദിരാ ഗാരന്റി അനുസരിച്ചുള്ള പ്രിയദർശിനി സൗജന്യയാത്ര കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള ആശ്വാസം ചെറുതല്ല. സ്ത്രീകൾക്കാണ് യാത്രാ സൗകര്യം ലഭിക്കുന്നതെങ്കിലും കുടുംബത്തിനുതന്നെ പൊതുവെ വലിയ ആശ്വാസം ഇതുവഴി ലഭ്യമായിരിക്കുകയാണ്. എന്നാൽ ഈ ആനുകൂല്യം വളരെ കുറച്ചുമാത്രം അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് മലപ്പുറം ജില്ലക്കാർ, പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടയാളുകൾ. കാരണം, കേരളത്തിലെ മൊത്തം കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളിൽ 4195-ൽ 130 എണ്ണം മാത്രമാണ് മലപ്പുറം ജില്ലയിലുള്ളത്. എന്നുവച്ചാൽ 3.09 ശതമാനം. ഓർഡിനറി ബസ്സുകളാണെങ്കിൽ 3125-ൽ 98 എണ്ണം മാത്രമേ മലപ്പുറത്തുനിന്ന് ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ. 3.13 ശതമാനം മാത്രം. അതുകൊണ്ട് കേരളത്തിലെ ജനസംഖ്യയുടെ 14 ശതമാനം താമസിക്കുന്ന പ്രസ്തുത ജില്ലയിലെ ജനങ്ങൾക്ക് ഈ വലിയ ആനുകൂല്യം മൂന്ന് ശതമാനം മാത്രമേ ഉപകാരപ്പെടുന്നുള്ളൂ എന്നൊരു വസ്തുത നിലനിൽക്കുകയാണ്. തിരൂരിൽ നിന്ന് നേരത്തെ സഞ്ചരിച്ചുകൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പലതും നിർത്തൽ ചെയ്തിട്ടുണ്ട്. ലാഭകരമല്ലെന്ന് പറഞ്ഞും റോഡ് മേശമാണെന്ന പരാതിയിലും കോവിഡ്-19 കാലത്ത് നിർത്തൽ ചെയ്ത ബസ്സുകൾ പുനഃസ്ഥാപിക്കാവുന്ന ഒരു സാഹചര്യമുണ്ടാക്കണം. തിരൂരിൽനിന്ന് പത്തോളം റൂട്ടുകളിലാണ് ഇതുപോലെ സഞ്ചരിച്ചുകൊണ്ടിരുന്ന ബസ്സുകൾ നിർത്തിയിട്ടുള്ളത്. തിരൂർ-പെരിന്തൽമണ്ണ, തിരൂർ-എറണാകുളം, തിരൂറിൽ നിന്ന് പുറപ്പെട്ട് ആലിങ്ങൽ പുറത്തൂർ, അതുപോലെ മംഗലം-പുറത്തൂർ, വെട്ടം ചീർപ്പ്-വൈരംങ്കോട്, വെട്ടം-കോഴിക്കോട്, വെട്ടം-തൃപ്രങ്ങോട്ട് ശിവക്ഷേത്രം, മലപ്പുറം തുടങ്ങിയ പ്രദേശത്തേക്കുണ്ടായിരുന്ന ഓർഡിനറി ബസ്സുകളെല്ലാം ഇപ്പോൾ നിർത്തൽ ചെയ്തിരിക്കുകയാണ്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചുരുക്കി പറയണം.

*01-07-2026*
*Submission*

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: മാഡം, ഞാൻ അവസാനിപ്പിക്കുകയാണ്. തിരൂരിൽ നിന്നും നെടുമ്പാശ്ശേരിയിലെക്കുണ്ടായിരുന്ന ലോഫ്ലോർ ബസ്സ് റോഡ് മോശമാണെന്ന കാരണത്താലാണ് നിർത്തിയത്. റോഡ് നന്നാക്കിയിട്ടും അത് പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല. അതുപോലെ തിരുനാവായ വഴി രണ്ട് കെ.എസ്.ആർ.ടി.സി. ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ ഓടിക്കൊണ്ടിരുന്നത് ചമ്രവട്ടം വഴി തിരിച്ചുവിട്ടു. അതുവഴി കിട്ടിയിരുന്ന ആനുകൂല്യങ്ങൾ പോലും ഇല്ലാതായൊരു സാഹചര്യമുണ്ടായി.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചുരുക്കണം. രണ്ട് മിനിട്ട് അധികമായി.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: തീരദേശത്തുനിന്ന് തിരൂർ വഴി മെഡിക്കൽ കോളേജിലേക്ക് പുതിയൊരു ഗതാഗത സൗകര്യം കൂടി ഒരുക്കിത്തരണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ വാഹനങ്ങൾ പുനഃസ്ഥാപിച്ച് തരണമെന്ന അഭ്യർഥനയോടുകൂടി എന്റെ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, മലപ്പുറം ജില്ലയിലെ തിരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗങ്ങളിലൂടെ പ്രസ്തുത ജില്ലയിലെ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളായ പൊന്നാനി, മലപ്പുറം, പെരുന്തൽമണ്ണ, നിലമ്പൂർ എന്നിവയിൽനിന്നുള്ള 42 സർവീസുകൾക്ക് പുറമെ, കേരളത്തിലെ മറ്റ് ജില്ലകളിൽനിന്നുള്ള യൂണിറ്റുകളിൽനിന്നും ആരംഭിച്ച് തിരൂർ നിയോജകമണ്ഡലം വഴി കടന്നുപോകുന്ന 51 സർവീസുകളും നിലവിലുണ്ട്. ഇവയിൽ ഹ്രസ്വ-ദീർഘദൂര അന്തർസംസ്ഥാന സർവീസുകളും ഉൾപ്പെടുന്നുണ്ട്. തിരൂർ നിയോജകമണ്ഡലത്തിലൂടെ ഓപ്പറേറ്റ് ചെയ്തിരുന്ന സർവീസുകളിൽ 22 എണ്ണം യാത്രക്കാരുടെ എണ്ണവും വരുമാനവും കുറഞ്ഞ സാഹചര്യത്തിൽ നിർത്തിവച്ചിരിക്കുകയാണ്. എന്നിരുന്നാലും നിലവിൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ മാത്രമുള്ള റൂട്ടുകളിൽ യാത്രാവശ്യം പരിഗണിച്ച് ആവശ്യമായ അധിക ട്രിപ്പുകൾ പരാതിരഹിതമായി ക്രമീകരിച്ചിട്ടുണ്ട്. ഇവയിൽ സാമൂഹ്യ പ്രതിബദ്ധത കൂടി കണക്കിലെടുത്ത് വിദ്യാർഥി കൺസെഷൻ നൽകിയ ചില ട്രിപ്പുകൾ, ഒറ്റപ്പെട്ട യാത്രാസൗകര്യമില്ലാത്ത ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ മേഖലകളിലേക്കുള്ള സർവീസുകളും ട്രിപ്പുകളും ഉൾപ്പെടുന്നുണ്ട്.

നിലവിൽ 'ഗ്രാമവണ്ടി' പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിരവധി ഗ്രാമവണ്ടി സർവീസുകൾ വടക്കൻ മേഖലയിലുൾപ്പെടെ ആരംഭിച്ചതാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സമയക്ലിപ്തത പാലിക്കേണ്ടതുണ്ട്. അതിനാൽ മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. സി. പി. ജോൺ: ഒരുകാര്യം കൂടിയെ പറയാനുള്ളൂ. ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവീസുകൾ ആരംഭിക്കുകയും നിർത്തിവച്ച സർവീസുകൾ പുനഃക്രമീകരിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

ശ്രീ. രാജൻ ജെ. പല്ലൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 19-09-2025-ന് കെ.എസ്.ആർ.ടി.സി. കെട്ടിടം പൊളിച്ച് മാറ്റുകയും 06-03-2026-ന് കെ.എസ്.ആർ.ടി.സി. കെട്ടിടം പണിയുന്നതിന് തറക്കല്ലിടുകയും ചെയ്തു. നിയമപ്രകാരമുള്ള ഭരണാനുമതി സാങ്കേതിക തടസ്സമായി നിൽക്കുകയാണ്. ഇതിൽ സാങ്കേതികാനുമതി ലഭിക്കുകയോ ടെൻഡർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. യാതൊരുവിധ നടപടികളും സ്വീകരിക്കാതെയാണ് ഇലക്ഷൻ മുന്നിൽകണ്ടുകൊണ്ട് 9 മാസങ്ങൾക്കുമുമ്പ് ആ കെട്ടിടം പൊളിച്ചുകളഞ്ഞത്. അവിടെ ശോചനീയാവസ്ഥയെന്ന് പറയുന്നത്, കാന്റീൻ നടത്തിയിരുന്ന ഒരു വ്യക്തി അദ്ദേഹത്തിന്റെ പണംമുടക്കി ഷീറ്റിട്ട സ്ഥലത്താണ് യാത്രക്കാർ നിൽക്കുന്നത്. ഇതുവരെ ടെൻഡർ വിളിക്കുകയോ ടെൻഡർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മൂന്ന് ഏക്കർ 22 സെന്റ് സ്ഥലമാണ് അവിടെയുള്ളത്. ഈ പ്രശ്നത്തിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം. യാത്രക്കാർ 9 മാസമായി വെയിലത്തും മഴയത്തുമാണ് നിൽക്കുന്നത്. തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് കെട്ടിടം വളരെ ശോചനീയവസ്ഥയിലാണ്. മൂന്നേക്കർ 22 സെന്റ് സ്ഥലത്ത് മധ്യത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പ്

സ്ഥാപിച്ചിട്ടുണ്ട്. ആ പമ്പ് ഉള്ളതുകാരണം അവിടെയുള്ള വികസനപ്രവർത്തനങ്ങൾ ചെയ്യാനോ നല്ലൊരു പ്ലാൻ വരയ്ക്കാനോ സാധിച്ചിട്ടില്ല. നിലവിലുള്ള പ്ലാൻ പുനഃപരിശോധിക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ കടമുറികൾ നിർമ്മിക്കാൻ സാഹചര്യമുണ്ടായിരുന്നിട്ടും രണ്ട് കടമുറികൾ മാത്രമാണ് പ്ലാനിലുള്ളതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് പ്ലാൻ പുനഃപരിശോധിക്കുകയും മന്ത്രി സ്ഥലം പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, ഈ വിഷയം വളരെ വിചിത്രവും ഗൗരവവുമായ പ്രശ്നമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഡിപ്പോയും ബസ്സ് സ്റ്റാന്റുമാണ് തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റെന്ന് നമുക്കെല്ലാവർക്കും അറിയുന്നതാണ്. അവിടെ സാങ്കേതിക പ്രശ്നം കാരണമാണ് ഈ കുഴപ്പങ്ങളെല്ലാമുണ്ടായത്. മുൻസർക്കാരിന്റെ കാലത്ത് നവകേരള സദസ്സിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച 868 കോടി രൂപയുടെ പദ്ധതികളിൽ ഡിപ്പോ നവീകരണമെന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. ഈ പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖേന നിർവഹിക്കുന്നതിന് 7 കോടി രൂപയുടെ ഭരണാനുമതിയും 29-01-2026-ലെ ജി.ഒ. പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി നൽകിയ ശീർഷകം കൺഫ്യൂഷനായതാണ് ഇപ്പോഴത്തെ പ്രശ്നമായി നിലനിൽക്കുന്നത്. ശീർഷകം ‘ PRICE’ സോഫ്റ്റ്‌വെയർ മുഖേന മാപ്പ് ചെയ്യുവാൻ പൊതുമരാമത്ത് വകുപ്പിന് കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ പ്രശ്നങ്ങളെല്ലാം സങ്കീർണ്ണമായിരിക്കുന്നത്. ഈ വിഷയം വളരെ ഗൗരവമായെടുത്ത് സ്ഥലം സന്ദർശിക്കുന്നതാണ്. ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ രൂപീകരിക്കാൻ പോകുകയാണ്. ഗതാഗത വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനവിടെ പോകുകയും ഈ പ്രശ്നം പരിഹരിക്കുകയും ചെയ്യും.

*01-07-2026*
*Submission*

## പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ്

ശ്രീമതി ഫാത്തിമ തഹിലിയ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കേരളത്തിലെ പ്രധാനപ്പെട്ട ഡാമുകളിലൊന്നാണ് പെരുവെണ്ണാമൂഴിയിലുള്ളത് എന്ന് എല്ലാവർക്കും അറിയാം. അതൊരു വിനോദസഞ്ചാര കേന്ദ്രം കൂടിയാണ്. നിലവിൽ കോഴിക്കോട് നഗരത്തിൽനിന്നും ഏകദേശം 55 കിലോമീറ്റർ ദൂരം ചക്കിട്ടപ്പാറ പഞ്ചായത്തിലാണ് ഈ ഡാം സ്ഥിതിചെയ്യുന്നത്. അണക്കെട്ടിന്റെ റിസർവോയർ ബോട്ടിങിനുള്ള സൗകര്യവും സർക്കാർ മുതല വളർത്തൽ കേന്ദ്രവും സ്വാതന്ത്ര്യസമര സേനാനികളുടെ ഓർമ്മയ്ക്കായുള്ള ഒരു പൂന്തോട്ടവും അവിടെയുണ്ട്. പക്ഷെ, അതൊന്നും സജീവമല്ല, വളരെ ഡ്രൈയായിക്കിടക്കുകയാണ്. ആരെങ്കിലുമൊക്കെ അവരെ കാണാൻവേണ്ടി കാത്തിരിക്കുന്ന അവസ്ഥയിലാണ് മുതല വളർത്തൽ കേന്ദ്രത്തിലുള്ള മുതലകൾ. പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തെ ഗതാഗത യോഗ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സർവീസ് പുനഃരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. പ്രധാനപ്പെട്ട മൂന്ന് പോയിന്റുകൾ മാത്രമാണ് മുന്നോട്ടുവയ്ക്കുന്നത്. ചക്കിട്ടപ്പാറ പഞ്ചായത്തിൽനിന്നും കോഴിക്കോട് നഗരത്തിലേക്ക് കെ.എസ്.ആർ.ടി.സി. സർവീസ് നിലവിലില്ല. പ്രിയദർശിനി പദ്ധതിയുടെ ഉദ്ഘാടനം പേരാമ്പ്ര നിയോജകമണ്ഡലത്തിലും വളരെ ഗംഭീരമായി നടന്നു. ചക്കിട്ടപ്പാറയിലുള്ള ആളുകൾക്ക് പേരാമ്പ്ര ടൗണിൽ വരികയും അവിടെനിന്ന് വീണ്ടും കോഴിക്കോട്ടേക്ക് അടുത്ത ബസ്സിൽ കയറി യാത്ര ചെയ്യുകയും വേണം. ഇത് മലയോര മേഖലയാണ്. അവിടെനിന്ന് ധാരാളം സ്ത്രീകൾ ടൗണിൽ ജോലി ചെയ്യുന്നവരുണ്ട്. വിനോദസഞ്ചാരികൾ പെരുവണ്ണാമൂഴി ഡാമുമായി ബന്ധപ്പെട്ട സ്ഥലത്തേയ്ക്ക് വരണമെങ്കിൽ വീണ്ടും പേരാമ്പ്ര വന്ന് അവിടെ നിന്ന് മടങ്ങണം. പേരാമ്പ്രയിൽനിന്ന് പെരുവണ്ണാമൂഴി-കടിയങ്ങാട് വഴി കോഴിക്കോട്ടേക്ക് ഒരു ഓർഡിനറി ബസ്സ് അനുവദിച്ച് നൽകണമെന്നാണ് ഒന്നാമതായി എനിക്ക് പറയാനുള്ളത്. കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ബസ്സ് മുമ്പ് അവിടെ സർവീസുണ്ടായിരുന്നു. മാനന്തവാടി ആനക്കാംപൊയിൽ കെ.എസ്.ആർ.ടി.സി. സർവീസ് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അത് പുനഃസ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. അവിടേയ്ക്ക് അനുയോജ്യമായ ലെയ്‌ലാന്റ്

ബസ്സ് ലഭിക്കാത്തതുകൊണ്ടാണ് ആ സർവീസ് നിർത്തിവച്ചിരുക്കുന്നത് എന്നാണ് അറിയുന്നത്. ഇതാണ് രണ്ടാമത്തെ ആവശ്യമായി പറയാനുള്ളത്. കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര പ്രദേശങ്ങളായ നന്മണ്ട, കാക്കൂർ, ബാലുശ്ശേരി, കൂട്ടാലിട, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, പെരുവണ്ണാമൂഴി, ചെമ്പിനോട, മരുതോങ്കര പ്രദേശങ്ങളിൽനിന്ന് ഒരുപാട് ആളുകൾ മൈസൂർ-ബാംഗ്ലൂർ റൂട്ടിലേക്ക് യാത്ര ചെയ്യുന്നുണ്ട്. ഈ ആളുകൾക്ക് ഈ സ്ഥലത്തുനിന്ന് കോഴിക്കോട് ടൗണിൽ വന്നാലെ മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കും യാത്രചെയ്യാൻ സാധിക്കുകയുള്ളൂ. ഏകദേശം എട്ട് മണി സമയത്ത് കോഴിക്കോട്ടുനിന്ന് ആരംഭിക്കുന്ന ബസ്സ് സർവീസ് പേരാമ്പ്ര-പെരുവണ്ണാമൂഴിയിലൂടെ അനുവദിച്ച് തരണമെന്നുള്ള ആവശ്യമാണ് മൂന്നാമതായി പറയാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, നമ്മുടെ യുവ എം.എൽ.എ. പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. Untapped tourism spot ആണ് പെരുവണ്ണാമൂഴിയെന്ന് നമുക്കെല്ലാവർക്കുമറിയാം. മുതലകളെ കാണാനുള്ള അവസരവും അവിടെയുണ്ട്. കോഴിക്കോട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പെരുമണ്ണാമൂഴി വഴി തൊട്ടിൽപ്പാലത്തുനിന്നും രണ്ട് ഓർഡിനറി ബസ്സ് സർവ്വീസുകൾ കോഴിക്കോട് ജില്ലയിലേക്കും ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് തൃശ്ശൂർ ജില്ലയിലേക്കും നിലയിൽ സർവീസ് നടത്തിവരുന്നുണ്ട്. വിനോദസഞ്ചാരികൾക്കും മറ്റ് പൊതുയാത്രക്കാർക്കും സൗകര്യപ്രദമായ രീതിയിൽ ഈ സർവീസുകൾ മുടക്കംകൂടാതെ നടക്കുന്നുണ്ട്. എന്നാൽ പെരുവണ്ണാമൂഴി-മാനന്തവാടി റൂട്ടിൽ നേരിട്ട് കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ ഇപ്പോൾ നിലവിലില്ല. വികസിച്ച് വരുന്ന വിനോദസഞ്ചാര കേന്ദ്രമായ പെരുവണ്ണാമൂഴിയിലേക്ക് ഇതര സ്വകാര്യ സ്റ്റേജ് കാരിയേജ് സർവീസുകൾ നിലവിലുണ്ടെങ്കിലും യാത്രക്കാരുടെ ആവശ്യകതയും ലഭ്യതയുമനുസരിച്ച് തൊട്ടിൽപ്പാലം, മാനന്തവാടി, കോഴിക്കോട് യൂണിറ്റുകളിൽനിന്നും സർവീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രം കെ.എസ്.ആർ.ടി.സി.-യുടെ ബജറ്റ് ടൂറിസം പാക്കേജിലുൾപ്പെടുത്തി വികസിപ്പിക്കാമെന്നുകൂടി അറിയിക്കുകയാണ്.

*01-07-2026*
*Submission*

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണ പ്രവൃത്തികൾ

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: സർ, ചങ്ങനാശ്ശേരിയിലെ കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനലിന്റെ നിലവിലെ അവസ്ഥയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മധ്യതിരുവിതാംകൂറിലെ ഏറ്റവും തിരക്കേറിയ ഒരു പ്രദേശമാണ് ചങ്ങനാശ്ശേരി. കിഴക്കൻ മേഖലകളിലെ നിരവധിയാളുകൾ ചങ്ങനാശ്ശേരിയിൽ വരുന്നതുപോലെ പടിഞ്ഞാറൻ പ്രദേശത്തെ നിരവധി യാത്രക്കാരും ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് ഉപയോഗിക്കുന്നു. മൂന്നുവർഷം മുമ്പ് കെ.എസ്.ആർ.ടി.സി. ഡിപ്പോ മുഴുവനും പൊളിച്ച് പുതിയ ഡിപ്പോ/ടെർമിനൽ പണിയാൻ അനുവാദം ലഭിച്ചിരുന്നുവെങ്കിലും മൂന്ന് വർഷത്തിനുശേഷവും അതിന്റെ പണി പുരോഗമിച്ചിട്ടില്ല. ടെർമിനലിന്റെ ഒരു സ്ട്രക്ച്ചർ പണിതതല്ലാതെ ബാക്കി പണി നടക്കുന്നില്ല. എം.സി. റോഡിന്റെ ഇരുവശത്തും കെ.എസ്.ആർ.ടി.സി. ബസ്സ് നിർത്തിയിട്ടിരിക്കുന്നതിനാൽ മറ്റ് യാത്രക്കാരും ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. ചങ്ങനാശ്ശേരിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി എത്രയുംവേഗം പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, നമുക്കെല്ലാം വളരെ പരിചിതമായ സ്ഥലമാണ് ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ. ദൗർഭാഗ്യവശാൽ അവിടെത്തെ പ്രവർത്തനങ്ങൾ ഒരു ഘട്ടത്തിലെത്തി നിൽക്കുകയാണ്. ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്കായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 7.35 കോടി രൂപ നീക്കിവച്ചിരുന്നു. പൊതുമരാമത്ത് വകുപ്പുമുഖേന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഈ പ്രവൃത്തികൾ നിർവഹിച്ചുവന്നത്. എന്നാൽ ഫണ്ട് ലഭ്യമാക്കുന്നതിൽ ചില പ്രശ്നങ്ങൾ നേരിട്ടതിനാൽ അത് മുറയ്ക്കുനടക്കുന്നില്ല. ഈ

സാഹചര്യത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അവിടെപ്പോയി ആവശ്യമായ ചർച്ചകൾ നടത്തി പരിഹാരമുണ്ടാക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

പുതിയങ്ങാടി-ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ റോഡിന്റെ സ്ഥലമേറ്റെടുപ്പ്

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: സർ, കോഴിക്കോടുള്ള പാവങ്ങാട് നിന്നും ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ എന്നീ സ്ഥലങ്ങൾ വരെ പോകുന്ന റോഡാണ് പി.യു.കെ.സി. റോഡ്. കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമീണ മേഖലയിലൂടെ കടന്ന് കണ്ണൂർ എയർപോർട്ട് വരെ പോകാവുന്നതും അതുപോലെ വയനാട്ടിലേക്കുള്ള യാത്രയിൽ താമരശ്ശേരി ചുരത്തിൽ വലിയ ബ്ലോക്കും പ്രതിസന്ധിയുമുണ്ടാകുന്ന സമയത്ത് പ്രദേശത്തെ ആളുകൾ ഒരു ബദൽ റോഡായി കണക്കാക്കുന്ന പ്രധാനപ്പെട്ട റോഡുകൂടിയാണ്. എന്നാൽ ഈ റോഡിൽ വലിയ രീതിയിലുള്ള ഗതാഗത തടസ്സമാണ് പലപ്പോഴായി കാണുന്നത്. കൂടാതെ നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന അത്തോളി പോലുള്ള പ്രദേശത്ത് റോഡിന്റെ വീതി വളരെ കുറവാണ്. ഈ റോഡിന്റെ വൈഡനിങ്ങുമായി ബന്ധപ്പെട്ട് 2021 മുതൽ അവിടെ പ്രോസസ് ആരംഭിക്കുകയും അതിന്റെ ആദ്യ റീച്ചായിട്ടുള്ള പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള 17 കിലോമീറ്റർ ദൂരത്ത് 2021-ൽ മഞ്ഞക്കുറ്റി സ്ഥാപിക്കുകയും 5 വർഷം കൊണ്ട് ഈ റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോയതാണ്. അവിടെയുള്ള ആളുകൾക്ക് അടിന്തരമായി ഒരു സ്ഥലം വിൽക്കേണ്ടി വന്നാൽ അതിനുള്ള സാഹചര്യം പോലുമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇതിന്റെ ആദ്യ റീച്ചിൽ വരുന്ന നാല് വില്ലേജ് ഓഫീസുകളായ പുതിയങ്ങാടി, എലത്തൂർ, തലക്കുളത്തൂർ, അത്തോളി എന്നിവയിൽ അത്തോളി വില്ലേജ് ഓഫീസിൽ മാത്രമേ പ്രാഥമികമായ വൈഡനിങ് പ്രോസസിന്റെ വിവരശേഖരണങ്ങളും കാര്യങ്ങളും നടന്നിട്ടുള്ളൂ. അതിനാൽ എത്രയും പെട്ടെന്ന് ഈ റോഡിന്റെ വൈഡനിങ്ങും അക്വിസിഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കോഴിക്കോട് ജില്ലയിലെ പാവങ്ങാട്-ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ റോഡ് വികസനത്തിന് 5.235 ഏക്കർ ഭൂമി നേരത്തെ ഏറ്റെടുക്കുകയും തുടർന്ന് അതിൽ മാറ്റംവരുത്തി 5.251 ഹെക്ടറായി ഭേദഗതി

ചെയ്യുകയും ചെയ്തു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം നടത്തി അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് അതിന്മേൽ സാമൂഹികാഘാത പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ഭൂമിയേറ്റെടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്ന വിവരശേഖരണം പുരോഗമിക്കുകയാണെന്നും പുതിയങ്ങാടി, എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി എന്നീ അഞ്ച് വില്ലേജുകളിലായി 1200-ഓളം കൈവശക്കാരിൽനിന്നും ഭൂമി ഏറ്റെടുക്കേണ്ടതായുണ്ടെന്നും ഇതിൽ 500-ൽപ്പരം കൈവശക്കാരുടെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഏകദേശം 215 കൈവശക്കാർ ഉൾക്കൊള്ളുന്ന എലത്തൂർ വില്ലേജിലെ ഫീൽഡ് പരിശോധനമാത്രമാണ് ബാക്കിയുള്ളതെന്നും, മറ്റ് വില്ലേജുകളിലെ ഫീൽഡ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ബാക്കിയുണ്ടെന്നും, വിവരശേഖരണം അന്തിമഘട്ടത്തിലെത്തി നിൽക്കുന്നതിനാൽ ആയത് എത്രയുംവേഗം പൂർത്തീകരിച്ച് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

<u>പട്ടാമ്പി മണ്ഡലത്തിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കൽ</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഹയർ സെക്കൻഡറി അഡ്മിഷനുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. മുൻവർഷങ്ങളിൽ മലപ്പുറം ജില്ലയിലാണ് ഹയർ സെക്കൻഡറിക്ക് ഏറ്റവും കൂടുതൽ സീറ്റ് കുറവുണ്ടായിരുന്നത്. എന്നാൽ ഇത്തവണ അതിൽനിന്നും വ്യത്യസ്തമായി പാലക്കാട് ഏറ്റവും കുറവ് സീറ്റുള്ള ജില്ലയായി മാറിയിട്ടുണ്ട്. മുൻകാലങ്ങളിൽ അഡീഷണൽ സീറ്റും ബാച്ചും അനുവദിക്കാറുണ്ടായിരുന്നു. കഴിഞ്ഞപ്രാവശ്യം അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ 60 ശതമാനത്തിൽ താഴെയുള്ളവരാണെങ്കിൽ ഇപ്രാവശ്യം അലോട്ട്മെന്റ് പൂർത്തീകരിക്കുന്ന സമയത്ത് 75 ശതമാനം മാർക്കുള്ളവർക്കുപോലും അഡ്മിഷൻ ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. നെല്ലിയാമ്പതി പോലെ വളരെ ദൂരെയുള്ള സ്ഥലങ്ങളിലാണ് പട്ടാമ്പിയടക്കമുള്ള സ്ഥലങ്ങളിലെ പല കുട്ടികൾക്കും അഡ്മിഷൻ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഇത് പരിഹരിക്കുന്നതിനായി മുൻകാലങ്ങളിലേതുപോലെ

*01-07-2026*
*Submission*

അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതോടൊപ്പം പട്ടാമ്പി നിയോജകമണ്ഡലത്തിൽ, ചൂരക്കോടുള്ള ജി.എച്ച്.എസ്. വല്ലപ്പുഴ, ജി.എച്ച്.എസ്. വിളയൂർ എന്നീ രണ്ട് സ്കൂളുകൾ താൽപര്യത്തോടെ മുന്നോട്ടുവന്നിട്ടുള്ളതിനാൽ ആ സ്കൂളുകളിൽ അഡീഷണലായി പ്ലസ് ടു ആരംഭിക്കുകയാണെങ്കിൽ ആയതിന് വലിയൊരു പരിഹാരമാകും. അതോടൊപ്പം മുൻകാലങ്ങളെപ്പോലെ വളരെ വേഗത്തിൽ അഡീഷണൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ബഹുമാനപ്പെട്ട പട്ടാമ്പി അംഗം മുഹമ്മദ് മുഹസിൻ ആവശ്യപ്പെട്ടത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. 2026-27 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിൽ മുഖ്യഘട്ടത്തിലെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശന നടപടികൾ തുടർന്നുവരികയാണ്. മുഖ്യഘട്ട അലോട്ട്മെന്റ് 2026 ജൂലൈ 3-ാം തീയതി വൈകീട്ട് 5.00 മണിക്ക് പൂർത്തിയാകുന്നതാണ്. പാലക്കാട് ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആകെ സീറ്റുകൾ 31,540-ഉം ആകെ അപേക്ഷകൾ 44,147-മാണ്. രണ്ടാമത്തെ അലോട്ട്മെന്റ് വരെ പ്രവേശനം നേടിയവർ 21,777 പേരും മൂന്നാംഘട്ട അലോട്ട്മെന്റ് ലഭിച്ചവർ 5,959 പേരുമാണ്. പാലക്കാട് ജില്ലയിലെ മുഖ്യഘട്ടത്തിനുശേഷം പ്രവേശനത്തിന് ശേഷിക്കുന്നവർ 5,969 പേരാണ്. സർക്കാർ/എയ്ഡഡ് മേഖലയിൽ ശേഷിക്കുന്ന സീറ്റുകൾ 4,196 എണ്ണം മാത്രമാണ്. ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ 1,773 സീറ്റുകളുടെ കുറവ് ഇപ്പോഴുണ്ട്. പട്ടാമ്പി നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലാകെ 2,860 സീറ്റുകളാണുള്ളത്. ടി നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 3,940 പേർ അപേക്ഷിച്ചിട്ടുള്ളതിൽ 2,615 പേർക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. നിലവിൽ 215 സീറ്റുകൾ മാത്രമാണ് ശേഷിക്കുന്നത്. ഇനിയും 1,325 പേർ പ്രവേശനത്തിനായി ബാക്കിയുള്ള സാഹചര്യത്തിൽ പട്ടാമ്പിയിലും പാലക്കാട് ജില്ലയിലും പ്ലസ് വൺ പ്രവേശനത്തിൽ സീറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുള്ളതിനാൽ ആയത് കണക്കിലെടുത്ത് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കാൻ 30-06-

2026-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, പാലക്കാട് ജില്ലയിൽ 30 ബാച്ചുകളുൾപ്പെടെ ആകെ 120 താൽക്കാലിക അധിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. ഇതിനായി, ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പ്രഥമ പരിഗണന നൽകുകയും സർക്കാർ സ്കൂളുകളുടെ അഭാവത്തിൽ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ എയ്ഡഡ് സ്കൂളുകൾക്ക് അടുത്തതായി പരിഗണന നൽകുകയും ചെയ്യും. 2016 മുതൽ അഡീഷണൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഒഴിവാക്കപ്പെട്ടതും നിലവിൽ രണ്ടുബാച്ചുകൾ മാത്രമുള്ളതുമായ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്ക് ഒരു ബാച്ചുകൂടി മുൻഗണന നൽകി അനുവദിക്കുന്നതാണ്. സീറ്റുകളുടെ അഭാവമുള്ള സ്ഥലങ്ങളിൽ താലൂക്കടിസ്ഥാനത്തിൽ ആവശ്യകത പരിശോധിക്കേണ്ടതാണ്. പ്രസ്തുത മാനദണ്ഡപ്രകാരം തിരഞ്ഞെടുക്കുന്ന സ്കൂളുകൾ, ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അന്തിമപ്പട്ടിക തയ്യാറാക്കുന്നത്. പട്ടാമ്പിയിലെ പ്രസ്തുത സ്കൂളുകളെക്കൂടി ഈ വിഷയത്തിലേക്ക് പരിഗണിക്കാവുന്നതും പാലക്കാട് ജില്ലയിൽ 30 അഡീഷണൽ ബാച്ചുകൾ നൽകുമ്പോൾ തീർച്ചയായും പട്ടാമ്പി മണ്ഡലത്തിലെ സ്കൂളുകളും അതിൽ പരിഗണിക്കപ്പെടുകയും ചെയ്യും.

<u>തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പിള്ളി റോഡ് നിർമ്മാണം</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, മണലൂർ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വികസന പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തൃശ്ശൂർ നഗരത്തെയും എൻ.എച്ച്. 66-നെയും ബന്ധിപ്പിക്കുന്ന ഏറ്റവും സുപ്രധാന റോഡാണ് തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പിള്ളി റോഡ്. എറണാകുളം, കോഴിക്കോട്, ഗുരുവായൂർ എന്നീ സ്ഥലങ്ങളിലേക്ക് പോകുന്നതിന് ഏറെ ദൂരം കുറയ്ക്കുന്ന ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ റോഡ് എറവ് എന്ന സ്ഥലം വരെ വീതികൂട്ടി പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പത്ത് കിലോമീറ്റർ ദൂരം മാത്രമാണ് വാടാനപ്പിള്ളിയിലേയ്ക്കുള്ളത്. അതുകൊണ്ട് എറവ് മുതൽ വാടാനപ്പിള്ളി വരെയുള്ള

*01-07-2026*
*Submission*

റോഡിന്റെ വീതി ശാസ്ത്രീയമായി വർധിപ്പിച്ച് ബി.എം.&ബി.സി നിലവാരത്തിൽ പണി പൂർത്തിയാക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, തൃശ്ശൂർ-വാടാനപ്പിള്ളി റോഡ് 16.120 കിലോമീറ്റർ ദൂരം അഭിവൃദ്ധിപ്പെടുത്തുന്നതിനായി 33.6 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 18-12-2014-ൽ മന്ത്രി തലത്തിൽ ചേർന്ന യോഗത്തിൽ നിലവിൽ സ്ഥലം ലഭ്യമായ തൃശ്ശൂർ മുതൽ എറവ് വരെയുള്ള 9 കിലോമീറ്റർ ദൂരം ബി.എം.&ബി.സി. നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിന് 22 കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഒന്നാം റീച്ചിന്റെ പ്രവൃത്തി നടപ്പാക്കിയിട്ടുമുണ്ട്. പിന്നീട് 2017-ൽ എറവ് മുതൽ വാടാനപ്പിള്ളി വരെയുള്ള സ്ഥലമെടുപ്പിന് മാത്രമായി പൊതുമരാമത്ത് കാര്യാലയത്തിൽനിന്നും 182.50 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചു. 01-02-2018-ലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം നം.ഇ 4-47629/2017 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ, തൃശ്ശൂരിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022-ലെ സംസ്ഥാന ബജറ്റിൽ 90/1538 നമ്പറായി എറവ് മുതൽ വാടാനപ്പിള്ളി വരെയുള്ള ഭൂമിയേറ്റെടുത്ത് റോഡ് വികസിപ്പിക്കുന്നതിന് 50 കോടി രൂപയ്ക്കായി, 100 രൂപ ടോക്കൻ പ്രൊവിഷനാണ് അനുവദിച്ചിരുന്നു. നിലവിലെ 2026-2027 സംസ്ഥാന ബജറ്റിലും 251 നമ്പറിൽ എറവ് മുതൽ വാടാനപ്പിള്ളി വരെ ഭൂമി ഏറ്റെടുത്ത് റോഡ് വികസിപ്പിക്കുന്നതിന് 250 കോടി രൂപയ്ക്കായി, 100 രൂപ ടോക്കൻ പ്രൊവിഷനാണ് അനുവദിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ആവശ്യം പരിഗണിക്കുന്നതാണ്.

തൃക്കരിപ്പൂരിൽ അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം

ശ്രീ. സന്ദീപ് വാര്യർ: സർ, ലോകം മുഴുവനും ലോക കപ്പ് ഫുട്ബോളിന്റെ വലിയ ആവേശത്തിലാണ്. നമ്മളും അതുപോലെ തന്നെയാണ്. കഴിഞ്ഞ ദിവസം സ്പീക്കേഴ്സ് ഇലവനും മീഡിയ ഇലവനും തമ്മിൽ ഫുട്ബോൾ മത്സരം നടന്നിരുന്നു. അതിൽ അങ്ങയുടെ

കീഴിലുള്ള സ്പീക്കേഴ്സ് ഇലവൻ മികച്ച രീതിയിൽ കളിച്ചിട്ടുണ്ടായിരുന്നു. അതിന് അങ്ങയെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്.

മി.സ്പീക്കർ: ഫുട്ബോൾ മത്സരം കളിച്ചവരെയാണ് അഭിനന്ദിക്കേണ്ടത്. ഞാൻ കാഴ്ചക്കാരനായിരുന്നു.

ശ്രീ. സന്ദീപ് വാര്യർ: സർ, ഞങ്ങളുടെ നാട്ടിലും സെവൻസ് ഫുട്ബോൾ ടീമുകളുടെ മാനേജർമാർക്ക് വലിയ റോളുണ്ട്. അങ്ങ് അതുപോലെയാണ്. അതുകൊണ്ട് അങ്ങേയ്ക്ക് തന്നെയാണ് അഭിനന്ദനമുള്ളത്. ഫുട്ബോളിനോടുള്ള സ്നേഹം കേവലം പ്രകടനപരതയിൽ മാത്രം ഒതുങ്ങരുതെന്നതാണ് എന്റെ അഭിപ്രായം. മുപ്പത് വർഷത്തെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ കേരളം ഭരിച്ച രണ്ട് സർക്കാരും ഫുട്ബോളിനുവേണ്ടി എന്തെല്ലാമാണ് ചെയ്തതെന്നുള്ള കാര്യത്തിൽ നമ്മൾ ഒരു ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ലീഡർ കെ. കരുണാകരനെക്കുറിച്ചാണ്. അദ്ദേഹം മുഖ്യമന്ത്രിയായ കാലഘട്ടത്തിൽ ഫുട്ബോളിന് നൽകിയ പ്രാധാന്യം നമ്മൾ തിരിച്ചറിയേണ്ടതാണ്. വി. പി. സത്യൻ കോയമ്പത്തൂരിൽനിന്നും സന്തോഷ് ട്രോഫി മത്സരം വിജയിച്ച് തങ്ങളുടെ ടീമിന് ലഭിച്ച ട്രോഫി ബസിൽ കൊണ്ടുവരുമ്പോഴാണ് ഞാൻ ആദ്യമായി സന്തോഷ് ട്രോഫി നേരിട്ട് കാണുന്നത്. ആ കാഴ്ച ഞാൻ പാലക്കാടുള്ള കോട്ട മൈതാനത്ത് നിന്നായിരുന്നു കണ്ടത്. അന്ന് വലിയ സന്തോഷമായിരുന്നു. അതിന്റെ പിറ്റേദിവസം കേരളത്തിന് സർക്കാർ പൊതുഅവധിയും പ്രഖ്യാപിച്ചു. അതിന് തൊട്ടടുത്ത വർഷം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടന്ന സന്തോഷ് ട്രോഫി മത്സരത്തിൽ കേരളം മഹാരാഷ്ട്രയെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു. ഒരു പക്ഷെ ഇന്ത്യ കണ്ടിട്ടുള്ളതിൽ വച്ച് അതിമനോഹരമായ ഒരു ഡ്രിബ്ലിങ്ങ് ഗോൾ ശ്രീ. സി. വി. പാപ്പച്ചൻ നേടി. അത് ഇപ്പോഴും നമ്മുടെ മനസ്സിലുണ്ട്. അന്ന് സന്തോഷ് ട്രോഫി മത്സരത്തിൽ വിജയിച്ച ടീമിന് ട്രോഫി നൽകിയത് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ലീഡർ കെ.കരുണാകരൻ ആയിരുന്നു. അന്ന് അദ്ദേഹം കേരളത്തിന് ഒരു അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം അടുത്തവർഷം ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ആ പ്രഖ്യാപനമാണ് കൊച്ചിയിലെ കലൂരിലുള്ള ജവഹർലാൽ നെഹ്റു

അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയമായി മാറിയത്. മാത്രമല്ല, കേരളാ പോലീസിൽ അന്ന് കളിച്ചിരുന്ന എല്ലാ കളിക്കാർക്കും പ്രൊമോഷൻ നൽകിക്കൊണ്ട് ലീഡർ വലിയൊരു ഇടപെടൽ നടത്തുകയുണ്ടായി. നെഹ്റു കപ്പിനുവേണ്ടി 1986-ൽ തിരുവനന്തപുരത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പുനർനിർമ്മിച്ചതും ലീഡർ കെ. കരുണാകരനായിരുന്നു. അതിനുശേഷം പ്രകടന പത്രികയ്ക്കപ്പുറം ഫുട്ബോളിനുവേണ്ടി പിന്നീട് അധികാരത്തിലെത്തിയ സർക്കാരുകളൊന്നും ചെയ്തിട്ടില്ല. വാസ്തവത്തിൽ മലബാറിൽനിന്നും ഫുട്ബോൾ പ്രേമികൾ എത്തുന്നതുകൊണ്ടാണ് തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഫുട്ബോൾ സ്റ്റേഡിയങ്ങൾ നിറയുന്നത്. ആദ്യമായി മലബാർ മേഖലയിൽ ഒരു ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ട തീരുമാനം ഈ ബജറ്റിലൂടെ എടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈയവസരം വിനിയോഗിക്കുന്നു. കേരളത്തിൽ ലഹരിക്കെതിരെയുള്ള വലിയ രീതിയിലുള്ള പോരാട്ടം നടക്കുകയാണ്. വാസ്തവത്തിൽ ഫുട്ബോളിനെ പ്രോത്സാഹിപ്പിച്ചാൽ ലഹരിക്കെതിരെയുള്ള വലിയ പോരാട്ടമായി ഇത് മാറും. ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. ബി.ജെ.പി.-യുടെ പ്രതിനിധികൾ ഇവിടെ ഇരിപ്പുണ്ട്. അവരുടെ ശ്രദ്ധയ്ക്കുവേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഇതിൽ രാഷ്ട്രീയം ഇല്ല. മലബാർ മേഖലയിൽ സെവൻസ് ഫുട്ബോൾ കളിക്കാൻ വരുന്ന വിദേശ താരങ്ങൾക്ക് മുമ്പ് വിസ അനുവദിക്കുമായിരുന്നു. ഇത്തവണ വിസ അനുവദിക്കാത്തതുകൊണ്ട് ചില ആളുകൾ ബിസിനസ് വിസയിൽ വരേണ്ടിവന്നു. ഇപ്പോൾ അവരെ തീവ്രവാദികൾ എന്നപോലെ വേട്ടയാടുന്നൊരു സമീപനവുമുണ്ട്. അവരെ കൊണ്ടുവന്ന ക്ലബ്ബിന്റെ മാനേജർമാർക്കെതിരെ നോട്ടീസ് അയച്ചിരിക്കുകയാണ്. അതിന്മേൽ ഇടപെടലുകൾ ഉണ്ടാകണം. എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂർ ഫുട്ബോളിന് വളരെയധികം പ്രാധാന്യമുള്ള നിയോജകമണ്ഡലമാണ്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം പോയിന്റിലേയ്ക്ക് വരൂ.

<u>ശ്രീ. സന്ദീപ് വാര്യർ</u>: സർ, പോയിന്റിലേയ്ക്ക് വരികയാണ്. ശ്രീ. മുഹമ്മദ് റാഫി, ശ്രീ. മുട്ടത്ത് സുരേഷ് എന്നീ ദേശീയ-അന്തർദേശീയ താരങ്ങൾ ഉൾപ്പെടെ ഏകദേശം നൂറ് കണക്കിന് ഫുട്ബോൾ താരങ്ങളുള്ള സ്ഥലമാണ് തൃക്കരിപ്പൂർ. അവിടെ നിരവധി ഫുട്ബോൾ

ട്രെയിനിങ് സെന്ററുകളുണ്ട്. ഒരോ ദിവസവും പെൺകുട്ടികൾ ഉൾപ്പെടെയുള്ളവർ ഫുട്ബോൾ കളിക്കുന്നൊരു പ്രദേശമാണിത്. (.....ബഹളം.....) ലീഡർ കെ. കരുണാകരന്റെ പേരിൽ അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുവേണ്ടി ഒരു സെന്റർ ഫോർ ഫുട്ബോൾ എക്സലൻസ് തൃക്കരിപ്പൂരിൽ സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെ ബഹളം വയ്ക്കേണ്ട കാര്യമില്ല. നിങ്ങൾ ലയണൽ മെസ്സിയെ കൊണ്ടുവരുമെന്ന് പറഞ്ഞുപറ്റിച്ചതുകൊണ്ടാണ് നിങ്ങൾ ഇന്ന് അപ്പുറത്ത് ഇരിക്കേണ്ടിവന്നത്. (.....ബഹളം.....)

<u>മി.സ്പീക്കർ</u>: അത്തരം തർക്കത്തിലേയ്ക്കൊന്നും ഇപ്പോൾ പോകേണ്ട. (.....ബഹളം.....) എഴുതി നൽകിയ പോയിന്റ് അല്ല പറയുന്നത്.

<u>ശ്രീ. സന്ദീപ് വാര്യർ</u>: സർ, ആ ഫുട്ബോൾ സ്റ്റേഡിയം സെന്റർ ഫോർ ഫുട്ബോൾ എക്സലൻസായി തൃക്കരിപ്പൂരിൽ സ്ഥാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൂടാതെ ആധുനിക രീതിയിലുള്ള ഹോസ്റ്റൽ സൗകര്യങ്ങളും ലോകോത്തര രീതിയിലുള്ള ഹെൽത്ത് ക്ലബ്ബും ശാസ്ത്രീയമായി ഫുട്ബോൾ പരിശീലിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങളും തൃക്കരിപ്പൂരിൽ സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. (.....ബഹളം.....) ഒരു കാര്യം കൂടി പറയട്ടെ, ലോകത്തിലെ ഏറ്റവും വലിയ സെൽഫ് ഗോൾ ആന്ദ്രേസ് എസ്കോബാർ നേടിയ സെൽഫ് ഗോൾ എന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷെ കഴിഞ്ഞ ദിവസം പി.എം.ശ്രീ. പദ്ധതിയെക്കുറിച്ച് സഭയിൽ ഉന്നയിച്ചപ്പോൾ ഈ പ്രതിപക്ഷമാണ് ആന്ദ്രേസ് എസ്കോബാറിനെക്കാൾ വലിയ സെൽഫ് ഗോൾ നേടിയതെന്ന് എനിക്ക് മനസിലായി. സെൽഫ് ഗോളാണ് അടിക്കുന്നത്. ഫുട്ബോൾ പ്രേമികളെ പറഞ്ഞ് പറ്റിച്ചതുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾക്ക് എന്ന് അവിടെ ഇരിക്കേണ്ടിവന്നത്.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ജെ. ജനീഷ്</u>):സർ, ഇന്ത്യൻ ദേശീയ ടീമിനും വിവിധ പ്രൊഫഷണൽ ക്ലബ്ബുകൾക്കുമായി നിരവധി പ്രമുഖ ഫുട്ബോൾ താരങ്ങളെ സംഭാവന ചെയ്ത പ്രദേശമാണ് മലബാർ. പ്രാദേശിക ടൂർണമെന്റുകൾ, സെവൻസ് ഫുട്ബോൾ മത്സരങ്ങൾ, സ്കൂൾ-കോളേജ് മത്സരങ്ങൾ എന്നിവയ്ക്ക് ലഭിക്കുന്ന ജനപങ്കാളിത്തം മലബാറിൽ മേഖലയിലെ ജനങ്ങൾക്ക് ഫുട്ബോളിനോടുള്ള താൽപര്യം വ്യക്തമാക്കുന്നതാണ്. ഗതാഗത സൗകര്യങ്ങളുടെ

*01-07-2026*
*Submission*

കാര്യത്തിലും അവിടെ വലിയ മേന്മയുണ്ട്. ഈ അനുകൂല സാഹചര്യം കണക്കിലെടുത്താണ് മലബാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബജറ്റിൽ തുക വകയിരുത്താൻ നിർദേശിച്ചിട്ടുള്ളത്. സ്റ്റേഡിയം, പാർക്കിങ്, മീഡിയാ സെന്റർ, പരിശീലന മൈതാനങ്ങൾ, സുരക്ഷാ മേഖലാ, ഹോസ്പിറ്റാലിറ്റി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കുറഞ്ഞത് 100 ഏക്കറിൽ താഴെ സ്ഥലമെങ്കിലും ആവശ്യമായി വരുന്നതാണ്. ഫിഫാ നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന ഭൂമിക്ക് ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക സാധ്യത കുറഞ്ഞതായിരിക്കണം, ഭാവിയിൽ വികസനത്തിനുള്ള സാധ്യത ഉണ്ടായിരിക്കണം, നഗരങ്ങളുടെ അടുത്തെങ്കിലും ഗതാഗത കുരുക്ക് കുറഞ്ഞ് പ്രദേശമായിരിക്കണം, വിമാനത്താവളങ്ങളിൽ നിന്നും ഏകദേശം 60-90 മിനിട്ടുകളിൽ എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലമായിരിക്കണം എന്നീ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥലങ്ങളുടെ ലഭ്യത പരിശോധിച്ചുവേണം ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുന്നതേയുള്ളൂ. മുകളിൽ വിവരിച്ച മാനദണ്ഡങ്ങളനുസരിച്ചുള്ള ഭൂമി ലഭ്യതയും മറ്റ് സൗകര്യങ്ങളും കണക്കിലെടുത്ത് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

* * *